2023
SEPTEMBER
23
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## 25 ലക്ഷത്തിലധികം തിരിച്ചടവുള്ള അക്കൗണ്ടുകൾ പരിശോധിക്കണം




**ന്യൂഡൽഹി:** വായ്പാത്തട്ടിപ്പുകാരെ കണ്ടെത്തുന്നതിനായി 25 ലക്ഷത്തിലധികം രൂപ തിരിച്ചടവുള്ള എല്ലാ വായ്പാ അക്കൗണ്ടുകളും ബാങ്കുകൾ പരിശോധിക്കണമെന്ന് റിസർവ് ബാങ്കിന്റെ കരടുമാർഗരേഖ. വായ്പയെടുത്ത വ്യക്തി മനഃപൂർവം തിരിച്ചടയ്ക്കാത്തതാണോ എന്നാണ് ബാങ്കുകൾ പരിശോധിക്കേണ്ടത്. 25 ലക്ഷം രൂപയ്ക്കു മുകളിലുള്ള തുക തിരിച്ചടയ്ക്കുന്നതിൽ മനഃപൂർവമായ വീഴ്ച വരുത്തുന്നവരെയാണ് തട്ടിപ്പ് ഗണത്തിൽ ഉൾപ്പെടുത്തുന്നത്. 25 ലക്ഷം രൂപയ്ക്കു മുകളിലുള്ള വായ്പാ അക്കൗണ്ടുകൾ തിരിച്ചടവ് മുടങ്ങി നിഷ്ക്രിയ ആസ്തിയായി 6 മാസത്തിനകം അതിനെ ഈ ഗണത്തിൽ ഉൾപ്പെടുത്തണമെന്നും ആർബിഐയുടെ മാർഗരേഖയിൽ പറയുന്നു. കരടു മാർഗരേഖയിൽ ഒക്ടോബർ 31 വരെ അഭിപ്രായം രേഖപ്പെടുത്താം.

## കർഷക കടാശ്വാസം: ഡിസംബർ 31 വരെ അപേക്ഷിക്കാം



**തിരുവനന്തപുരം:** വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 2020 ഓഗസ്റ്റ് 31 വരെയും മറ്റു 12 ജില്ലകളിലെ കർഷകർ 2016 മാർച്ച് 31 വരെയും എടുത്ത കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവായി. വ്യക്തിഗത അപേക്ഷകൾ സംസ്ഥാന കർഷക കടാശ്വാസ കമ്മിഷനിൽ ഡിസംബർ 31 വരെ സ്വീകരിക്കും. കമ്മിഷനിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷിക്കാം.

റേഷൻ കാർഡിന്റെ പകർപ്പ്, വരുമാനം തെളിയിക്കുന്നതിനു വില്ലേജ് ഓഫിസറുടെ സാക്ഷ്യപത്രത്തിന്റെ അ!സ്സൽ, കർഷകനാണെന്നു തെളിയിക്കുന്ന കൃഷി ഓഫിസറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ കർഷക തൊഴിലാളി ആണെന്നു തെളിയിക്കുന്ന കർഷക തൊഴിലാളി ക്ഷേമനിധി പാസ് ബുക്ക് / ഐഡി പകർപ്പ്, വസ്തുവിന്റെ കരം തീർത്ത രസീതിന്റെ പകർപ്പ് അല്ലെങ്കിൽ പാട്ടക്കരാറിന്റെ പകർപ്പ്, വായ്പ നിലനിൽക്കുന്ന ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (ഒന്നിലധികം വായ്പ എടുത്തിട്ടുണ്ടെങ്കിൽ ബാങ്കുകളുടെ വിശദാംശം സഹിതം രേഖപ്പെടുത്തണം) എന്നിവ അപേക്ഷയ്ക്കൊപ്പം നൽകണം.

കമ്മിഷനിലൂടെ കാർഷിക കടാശ്വാസം മുൻപു ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ പാടില്ല. നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മാത്രമാണ് സർക്കാരിന്റെ കടാശ്വാസ പദ്ധതിയുമായി സഹകരിക്കുന്നത്. അതിനാൽ മറ്റു ബാങ്കുകളിലെ വായ്പ കുടിശികയിൽ അപേക്ഷ സ്വീകരിക്കില്ല.

## സാമ്പത്തിക സ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യ 87ാമത്



**ന്യൂഡൽഹി:** കാനഡയിലെ ഫ്രേസർ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തുവിട്ട സാമ്പത്തിക സ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യയ്ക്ക് 87ാം സ്ഥാനം. ' ഇക്കണോമിക് ഫ്രീഡം ഓഫ് ദ് വേൾഡ് 2021' എന്ന റിപ്പോർട്ടിൽ 165 രാജ്യങ്ങളാണുള്ളത്. മുൻവർഷം ഇന്ത്യയുടെ സ്ഥാനം 86 ആയിരുന്നു. 1980 മുതൽ ഇന്ത്യയുടെ സ്ഥാനം ഉയരുകയാണ്. 10ൽ 6.62 ആണ് ഇന്ത്യയുടെ പോയിന്റ്. റാങ്കിങ്ങിൽ നേരിയ ഇടിവു നേരിട്ടെങ്കിലും ദക്ഷിണേഷ്യയിൽ മികച്ച സാമ്പത്തിക സ്വാതന്ത്ര്യം ഇന്ത്യയിൽ തന്നെയാണെന്ന് റിപ്പോർട്ട് പറയുന്നു. സിംഗപ്പൂരാണ് റാങ്കിങ്ങിൽ ഒന്നാമത്. ഹോങ്കോങ്, സ്വിറ്റ്സർലൻഡ്, ന്യൂസീലൻഡ്, യുഎസ്, അയർലൻഡ്, ഡെൻമാർക്ക്, ഓസ്ട്രേലിയ, യുകെ, കാനഡ എന്നിവയാണ് തൊട്ടുപിന്നിൽ. ചൈനയുടെ സ്ഥാനം 111 ാമതാണ്. ഏറ്റവും അവസാനം വെനസ്വേല.

## രാജ്യത്ത് വിദ്വേഷത്തിന് ഇടമില്ല

# ഖലിസ്ഥാൻ നേതാവിനെ തള്ളിപ്പറഞ്ഞ് കാനഡ



**ന്യൂഡൽഹി:** ഇന്ത്യക്കാരായ ഹിന്ദുക്കൾ കാനഡ വിടണമെന്ന ഖലിസ്ഥാൻ ഭീകരന്റെ ആഹ്വാനം കാനഡ സർക്കാർ തള്ളി. കാനഡയിൽ നിന്ന് ഇന്ത്യയിലേക്കു വീസ അനുവദിക്കുന്നതിനു നിയന്ത്രണം ഏർപ്പെടുത്തിയതടക്കമുള്ള നടപടികൾക്കു പിന്നാലെയാണ് കാനഡ നിലപാട് വ്യക്തമാക്കിയത്. രാജ്യത്ത് വിദ്വേഷത്തിന് ഇടമില്ലെന്ന് വ്യക്തമാക്കി കാനഡയുടെ പബ്ലിക് സേഫ്റ്റി മന്ത്രാലയം എക്സിൽ (ട്വിറ്റർ) പോസ്റ്റ് ഇട്ടു.

കാനഡയിലുള്ള ഇന്ത്യക്കാരായ ഹിന്ദുക്കൾ ഇന്ത്യയിലേക്ക് മടങ്ങണമെന്ന് ആവശ്യപ്പെടുന്ന ഖലിസ്ഥാനി ഭീകര നേതാവ് ഗുർപട്വന്ത് സിങ് പന്നുന്റെ വിഡിയോ പ്രകോപനപരവും വിദ്വേഷജനകവുമാണെന്ന് സർക്കാർ വ്യക്തമാക്കി. വിഡിയോ കനേഡിയൻ പൗരന്മാരോടും അവർ ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളോടുമുള്ള അനാദരവാണെന്നും പോസ്റ്റിൽ പറയുന്നു. കാനഡയിലുള്ളവർ പരസ്പരം ബഹുമാനിക്കണമെന്നും സർക്കാർ ആഹ്വാനം ചെയ്തു.

ഇന്ത്യയുടെ നയതന്ത്ര ഉദ്യോഗസ്ഥനെ പുറത്താക്കുന്നതിനു ദിവസങ്ങൾക്കു മുൻപു തന്നെ പ്രചരിച്ചുതുടങ്ങിയ വിഡിയോയിൽ കാനഡ സർക്കാർ ഇതുവരെ മൗനം പാലിക്കുകയായിരുന്നു. വിഡിയോയുടെ പശ്ചാത്തലത്തിൽ ഹിന്ദു ഫോറം കാനഡയിലെ അംഗങ്ങൾ സുരക്ഷ ആവശ്യപ്പെട്ട് സർക്കാരിന് കത്ത് നൽകിയിരുന്നു.

ഖലിസ്ഥാൻ ഭീകരൻ ഹർദീപ് സിങ് നിജ്ജാറിന്റെ കൊലയുമായി ബന്ധപ്പെട്ട് കാനഡയിലുള്ള ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥർ ഉൾപ്പെട്ട ആശയവിനിമയത്തിന്റെ വിവരങ്ങൾ കാനഡയുടെ പക്കലുണ്ടെന്ന് അവിടത്തെ മാധ്യമമായ സിബിസി ന്യൂസ് റിപ്പോർട്ട് ചെയ്തു. കാനഡ കൂടി ഭാഗമായ രഹസ്യാന്വേഷണ സഖ്യത്തിലെ മറ്റൊരു രാജ്യവും ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

യുഎസ്, ബ്രിട്ടൻ, ഓസ്ട്രേലിയ, ന്യൂസീലൻഡ് എന്നീ രാജ്യങ്ങളാണ് സഖ്യത്തിലുള്ളത്. വീസ നിയന്ത്രണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഇന്ത്യയ്ക്കെതിരെ തിരിച്ചടിക്കാൻ കാനഡ ഒരുങ്ങുന്നുവെന്നും സിബിസിയുടെ റിപ്പോർട്ടിലുണ്ട്.



# ചെങ്ങന്നൂർ ബൈപാസ് യാഥാർഥ്യത്തിലേക്ക്

**ചെങ്ങന്നൂർ:** ചെങ്ങന്നൂർ നഗരത്തിൽ ദീർഘനാളുകളായുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള ശാശ്വതപരിഹാരമായി ചെങ്ങന്നൂർ ബൈപാസ് യാഥാർഥ്യമാകുന്നു.

കിഫ്ബിയിൽനിന്ന് 200 കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൻറെ പ്രാഥമിക നടപടികളുടെ ഭാഗമായി ചെങ്ങന്നൂർ, പുലിയൂർ വില്ലേജുകളിൽ 9.86 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ വിജ്ഞാപനമായി.



നഗരസഭയിൽ ശബരിമല വില്ലേജ് റോഡിൽ അങ്ങാടിക്കൽ ഭഗവതി മുതൽ ഐടിഐ ജംഗ്ഷനു സമീപം വരെയും എംസി റോഡിൽ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിക്ക് തെക്കു ഭാഗത്തു നിന്നു തോട്ടിയാട് ജംഗ്ഷൻഓർക്കോട്ട് ജലധാര ബണ്ട് റോഡ് വഴി ചെറുകോട്ട പാടശേഖരത്തിനു നടുവിലൂടെയും ഓർക്കോട്ട് ചാലിന് വശത്തുകൂടിയും പേരിശേരി റെയിൽവേ ലെവൽ ക്രോസിനു സമീപത്തെത്തി മുണ്ടൻകാവിൽ എത്തുകയും തിരിച്ചും ഗതാഗതം നടപ്പിലാക്കാം എന്നതാണ് നിർദേശിച്ചിട്ടുള്ളത്.

നഗരത്തിൽ കയറാതെ വാഹനങ്ങൾക്ക് എളുപ്പവഴിയിൽ പോകുകയും ചെയ്യാം എന്നത് യാത്രക്കാർക്ക് കൂടുതൽ സൗകര്യപ്രദമാണ്. സെൻട്രൽ ഹാച്ചറി ജംഗ്ഷൻ മുതൽ തോട്ടിയാട് ജംഗ്ഷൻ വരെ പൊതുമരാമത്ത് റോഡും തോട്ടിയാട് ജംഗ്ഷൻഓർക്കോട്ട് ജലധാര ബണ്ട് റോഡ് നിലവിൽ 6 മീറ്റർ റോഡുമാണ്.

പുലിയൂർ പഞ്ചായത്തിലെ തിങ്കളാമുറ്റം വാർഡിലൂടെയാണ് നിർദിഷ്ട റോഡ് കടന്നുപോകുന്നത്. ശബരിമല വില്ലേജ് റോഡിൽ അങ്ങാടിക്കൽ ഭഗവതി മുതൽ ഐടിഐ ജംഗ്ഷനു സമീപം വരെയും സെൻട്രൽ ഹാച്ചറി മുതൽ മുണ്ടൻകാവ് വരെയും റിംഗ് റോഡ് മാതൃകയിൽ 10.2 കിലോമീറ്ററാണ് ബൈപാസിൻറെ ദൂരം.

കരവസ്തുവിലൂടെ 12 മീറ്റർ വീതിയിലും നെൽവയലിലൂടെ 18 മീറ്റർ വീതിയിലുമാണ് റോഡിനായി സ്ഥലം ഏറ്റടുക്കുന്നത്. ഇതോടൊപ്പം സാമൂഹ്യാഘാത പഠനവും നടത്തും.

വസ്തു ഉടമകൾക്ക് സുതാര്യമായ രീതിയിൽ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുന്നതിനാണ് പഠനം നടത്തുന്നത്. എറണാകുളം, കളമശേരി രാജഗിരി ഔട്ട്റീച്ചിൻറെ നേതൃത്വത്തിലുള്ള സാമൂഹ്യാഘാത പഠനം മൂന്നു മാസത്തിനുള്ളിൽ പൂർത്തിയാകും.

2018 ൽ എംഎൽഎ ആയിരുന്ന സജി ചെറിയാൻറെ നിവേദനത്തെത്തുടർന്നാണ് സംസ്ഥാന സർക്കാർ കിഫ്ബിയിൽ ഉൾപ്പെടുത്തി 200 കോടി രൂപ റോഡിൻറെ നിർമാണ ചെലവിന് അനുവദിച്ചത്.

സ്ഥലം ഏറ്റെടുക്കുന്നതിന് 65 കോടി രൂപ മുൻകൂർ ആയി അനുവദിച്ചിട്ടുണ്ട്. ബൈപാസ് റോഡ് നിർമാണത്തിനുള്ള മറ്റു നടപടികളും അതിവേഗം പൂർത്തീകരിക്കുമെന്ന് മന്ത്രി സജി ചെറിയാൻ അറിയിച്ചു.

# പുത്തൂർ സുവോളജിക്കൽ പാർക്കിൽ മയിലുകൾക്കായി പുതിയ ആവാസകേന്ദ്രം

**പുത്തൂർ:** സുവോളജിക്കൽ പാർക്കിൽ മയിലുകൾക്കായി ആവാസകേന്ദ്രം ഒരുങ്ങി. തൃശൂർ മൃഗശാലയിൽനിന്നും സുവോളജിക്കൽ പാർക്കിലേക്ക് പക്ഷിമൃഗാദികളെ മാറ്റാനുള്ള കേന്ദ്ര സൂ അഥോറിറ്റി അനുമതിയായതോടെ ഒക്ടോബർ ഒന്നിനു തന്നെ പക്ഷി മൃഗാദികളുടെ മാറ്റത്തിന് തുടക്കംകുറിക്കാനാണ് നീക്കം.



മാറ്റുന്നതിൻറെ അവസാനവട്ട ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി വെള്ളിയാഴ്ച ഉദ്യോഗസ്ഥതല യോഗംചേരും. ആദ്യഘട്ടത്തിൽ മയിലുകളെയാണ് സുവോളജിക്കൽ പാർക്കിൽ എത്തിക്കുന്നത്. എട്ടുമീറ്റർ ഉയരത്തിൽ വിശാലമായ ആവാസയിടമാണ് ഒരുക്കിയിരിക്കുന്നത്.

ഓരോ മയിലുകൾക്കും പ്രത്യേക കൂടുകളും ഒരുക്കുന്നുണ്ട്. മയിലുകൾക്കുശേഷം തത്ത, ജല പക്ഷികൾ എന്നിവയെ കൂടി എത്തിക്കും. ഒക്ടോബർ അവസാനവാരത്തോടെ കുരുങ്ങുകളെയും നെയ്യാറിൽനിന്ന് ചീങ്കണ്ണികളേയും എത്തിക്കും.

നവംബർ ആദ്യവാരം മാനുകളെ എത്തിക്കും. വിദേശത്തുനിന്നു ജിറാഫ്, ആഫ്രിക്കൻ മാൻ, അനാക്കോണ്ട, സീബ്ര എന്നിവയെ കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

## വേമ്പനാട്ടുകായലിൽ പോളപ്പായൽ; മത്സ്യ, കക്കാ തൊഴിലാളികൾ പ്രതിസന്ധിയിൽ

**ടിവിപുരം:** വേമ്പനാട്ടുകായലിൽ പോളപ്പായൽ നിറഞ്ഞതോടെ മത്സ്യ, കക്കാ തൊഴിലാളികളുടെ ജീവിതം ദുരിതപൂർണമായി.

വെച്ചൂർ, തലയാഴം, ടിവി പുരം, ഉദയനാപുരം, ചെമ്പ്, മറവൻതുരുത്ത്, വൈക്കം നഗരസഭ പരിധിയിലെ വേമ്പനാട്ട് കായലിലാണ് പോളപ്പായൽ തിങ്ങിനിറഞ്ഞത്. മത്സ്യത്തൊഴിലാളികൾക്കും കക്കാ തൊഴിലാളികൾക്കും ചെറുവള്ളങ്ങൾ ഇറക്കി കായലിലൂടെ തുഴഞ്ഞു തൊഴിലിനു പോകാൻ പറ്റാത്ത സ്ഥിതിയാണ്.

കായലിൽ നിറഞ്ഞ പോളപ്പായൽ ജലഗതാഗതത്തിനും തടസമായതോടെ തങ്ങൾ പട്ടിണിയിലാകുമെന്ന് തൊഴിലാളികൾ പറയുന്നു.

വഞ്ചിവീടുകൾക്കും ജലഗതാഗത വകുപ്പിൻറെ യാത്രാബോട്ടുകൾക്കും പോളപ്പായൽ യന്ത്ര തകരാർ വരുത്തിവയ്ക്കുകയാണ്. പോളപ്പായൽ നീക്കി ജലഗതാഗതം സുഗമമാക്കാൻ അധികൃതർ നടപടി സ്വീകരിക്കണമെന്ന് മത്സ്യ, കക്കാ തൊഴിലാളികൾ ആവശ്യപ്പെട്ടു.

## ചുമട്ടു തൊഴിലാളി നിയമഭേദഗതി സർക്കാരിന്റെ സജീവ പരിഗണനയിൽ: മന്ത്രി വി. ശിവൻകുട്ടി

**തിരുവനന്തപുരം:** ചുമട്ടുതൊഴിലാളികൾക്ക് തൊഴിൽ നഷ്ടം ഉണ്ടാകാതിരിക്കാൻ ചുമട്ടു തൊഴിലാളി നിയമഭേദഗതി സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. 202223 അധ്യയന വർഷത്തിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് കരസ്ഥമാക്കിയ 10,12 ക്ലാസുകളിലെ ചുമട്ടു തൊഴിലാളികളുടെ മക്കൾക്കുള്ള ക്യാഷ് അവാർഡ്, സർട്ടിഫിക്കറ്റ് വിതരണ (പ്രതിഭം 2023) ത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ആലുവയിൽ ബിഹാർ സ്വദേശിനിയായ പെൺകുട്ടിയെ ഉപദ്രവിച്ച മുഖ്യപ്രതി ക്രിസ്റ്റൽ രാജിനെ സ്വന്തം ജീവൻ നോക്കാതെ പുഴയിൽ നിന്ന് പിടികൂടിയ ചുമട്ടുതൊഴിലാളികളായ വി. കെ. ജോഷി, മുരുകേശൻ. ജി. എന്നിവരെ ചടങ്ങിൽ മന്ത്രി ചടങ്ങിൽ ആദരിച്ചു.

ചുമട്ടുതൊഴിലാളികളുടെ തൊഴിൽ മേഖല നവീകരിക്കാൻ വലിയ ശ്രമങ്ങൾ സർക്കാർ നടത്തുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. നവശക്തി പോലുള്ള പദ്ധതി തൊഴിൽ വകുപ്പ് അതിന്റെ ഭാഗമായാണ് നടപ്പാക്കിയത്. കയറ്റിറക്ക് ജോലിക്ക് ആധുനിക സ്വഭാവം കൈവന്നിട്ടുണ്ട്. ആ നൈപുണി എല്ലാ കയറ്റിറക്ക് തൊഴിലാളികളും ആർജിക്കേണ്ടതുണ്ട്മന്ത്രി പറഞ്ഞു.

തിരുവനന്തപുരം പ്രസ് ക്ലബ്ബ് ഹാളിൽ നടന്ന ചടങ്ങിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചെയർമാൻ ആർ രാമചന്ദ്രൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. ശ്രീലാൽ, തൊഴിലാളി സംഘടനാ നേതാക്കളായ സി. ജയൻ ബാബു, വി. ആർ. പ്രതാപൻ, ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് അംഗം കെ. വേലു, ജില്ലാ കമ്മിറ്റി അംഗങ്ങളായ എൻ. സുന്ദരം പിള്ള, എസ്. അനിൽ കുമാർ, പി. എസ് നായിഡു. വെട്ടുറോഡ് സലാം, എൻ. സുധീന്ദ്രൻ, ആദർശ് ചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

## കേരള പാഠ്യപദ്ധതി ചട്ടക്കൂട് പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി തയാറാക്കിയ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 (സ്കൂൾ വിദ്യാഭ്യാസം) പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പ്രകാശനം ചെയ്തു. ഇതിന്മേൽ പൊതുജനങ്ങൾക്ക് ഇനിയും അഭിപ്രായങ്ങൾ രേഖപ്പെടുത്താമെന്നും അതിനായി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ വെബ്സൈറ്റിൽ 10 ദിവസംകൂടി സൗകര്യം ഏർപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

പൊതുജനങ്ങളിൽനിന്നും വിദ്യാർഥികളിൽനിന്നും പ്രത്യേകം അഭിപ്രായങ്ങൾ ശേഖരിച്ചും വിപുലവും ഗൗരവമുള്ളതുമായ ചർച്ചകൾ നടത്തിയുമാണു കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 തയാറാക്കിയതെന്നു പ്രകാശനം നിർവഹിച്ചു മന്ത്രി പറഞ്ഞു. പാഠ്യപദ്ധതി പരിഷ്കരണത്തിൽ എല്ലാവർക്കും മാതൃകയാകാൻ കഴിയുന്ന വിധത്തിലാണു സംസ്ഥാനം പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിനുവേണ്ടി നടത്തിയ ജനകീയ ചർച്ച കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച ഏറ്റവും വലിയ രേഖകളിലൊന്നായി മാറിക്കഴിഞ്ഞു. പാഠ്യ പദ്ധതി സംബന്ധിച്ച് സംസ്ഥാനത്തെ എല്ലാ കുട്ടികളുമായും ചർച്ചകൾ നടത്തി അഭിപ്രായങ്ങൾ ശേഖരിച്ചു പ്രത്യേക രേഖയാക്കി. ഐക്യകേരളം രൂപീകരിച്ച ശേഷം കുട്ടികളുടെ കൂടി അഭിപ്രായം ശേഖരിച്ചു പാഠ്യപദ്ധതി പരിഷ്കരണം നടത്തുന്നത് ഇതാദ്യമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

10 വർഷത്തിനു ശേഷമാണ് പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കപ്പെടുന്നത്. പ്രൈമറി വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം അധ്യാപക വിദ്യാഭ്യാസം, മുതിർന്നവർക്കുള്ള വിദ്യാഭ്യാസം എന്നിങ്ങനെ നാലു മേഖലകളിലാണു പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ചെടുക്കുന്നത്. സ്കൂൾ വിദ്യാഭ്യാസ പാഠ്യപദ്ധതി ചട്ടക്കൂടിനു പുറമേയുള്ള മറ്റു മൂന്നു ചട്ടക്കൂടുകൾ ഒക്ടോബർ ആദ്യം പൊതുജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കും.

## ഗണേശോൽസവസമാപനം: മഹാനിമജ്ജന ഘോഷയാത്ര ഇന്ന്

**കൊച്ചി:**വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു മാസമായി നടന്നുവരുന്ന ഗണേശോൽസവം പുതുവൈപ്പ് ബീച്ചിലെ ആറാട്ടു കടവിൽ നടക്കുന്ന ഗണേശവിഗ്രഹ നിമജ്ജനത്തോടെ ഇന്ന് സമാപിക്കും.

വിശ്വഹിന്ദു പരിഷത്ത് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളം പാവക്കുളം ക്ഷേത്രത്തിലുൾപ്പെടെ ജില്ലയിൽ വിവിധയിടങ്ങളിലായി നിശ്ചയിക്കപ്പെട്ട നൂറു കേന്ദ്രങ്ങളിൽ പ്രത്യേകം തയ്യാറാക്കിയ മണ്ഡപങ്ങളിൽ പ്രതിഷ്ഠിച്ചിരുന്ന ഗണേശ വിഗ്രഹങ്ങൾ ചെറുഘോഷയാത്രകളായി വൈകുന്നേരം മൂന്നിന് കലൂർ രാജ്യാന്തര സ്റ്റേഡയത്തിൽ സംഗമിക്കും.

തുടർന്ന് ഇവിടെ നിന്നും ആയിരക്കണക്കിന് ഇരുചക്രവാഹനങ്ങളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ ആരംഭിക്കുന്ന മഹാനിമജ്ജന ഘോഷയാത്ര എൽഎൻജി ടെർമിനൽ റോഡിലൂടെ പുതുവൈപ്പിലെ അയോദ്ധ്യപുരം ശ്രീരാമക്ഷേത്രത്തിൽ എത്തിച്ചേരും.തുടർന്ന് നടക്കുന്ന പൂജകൾക്കും സാംസ്കാരിക സമ്മേളനത്തിനും ശേഷം പുതുവൈപ്പ് ബീച്ചിലെ ആറാട്ടു കടവിൽ പൂജാവിധികളോടെ ഗണേശ വിഗ്രഹങ്ങൾ നിമജ്ജനം ചെയ്യുമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റും ഗണേശോൽസവ സമിതി പ്രസിഡന്റുമായ വിജി തമ്പി, സംഘാടക സമിതി ജനറൽ കൺവീനർ ടി ആർ ദേവൻ,വിഎച്ച്പി ജില്ലാ പ്രസിഡന്റ് വി ശ്രീകുമാർ എന്നിവർ അറിയിച്ചു.

## കലൂർകടവന്ത്ര റോഡിന് ശ്രീനാരയണ ഗുരുവിന്റെ പേര്; മേയറുടെ പ്രഖ്യാപനം നടപ്പായില്ല

**കൊച്ചി:** കലൂർകടവന്ത്ര റോഡിന് ശ്രീനാരായണ ഗുരുവിന്റെ പേര് നൽകുമെന്ന കൊച്ചി മേയർ എം അനിൽകുമാറിന്റെ പ്രഖ്യാപനം രണ്ട് വർഷം കഴിഞ്ഞിട്ടും നടപ്പാക്കിയിട്ടില്ലെന്ന് വിശ്വ ഹിന്ദു പരിഷത്ത് കുറ്റപ്പെടുത്തി.

എറണാകുളം നഗരത്തിലെ പ്രധാന റോഡാണ് കലൂർ കടവന്ത്ര റോഡ്. ഈ റോഡിന് ശ്രീനാരായണ ഗുരുവിന്റെ പേര് നൽകാൻ പൊതുജന അഭിപ്രായം ഉണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിൽ റോഡിന് ഗുരുവിന്റെ പേര് നൽകുമെന്ന് 2021 സെപ്റ്റംബർ 13ന് മേയർ പ്രഖ്യാപിച്ചിരുന്നു. ഇതിന് പുറമേ തമ്മനം പുല്ലേപ്പടി റോഡ് അയ്യങ്കാളി റോഡെന്നും, സ്റ്റേഡിയം ലിങ്ക് റോഡ് ചാവറ കുര്യാക്കോസച്ചൻ റോഡെന്നും പുനർനാമകരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇപ്പോൾ പുതുതായി കോർപ്പറേഷൻ സ്ഥാപിച്ച ബോർഡിൽ കെ കെ റോഡ് എന്നാണ് പ്രദർശിപ്പിച്ചിട്ടുള്ളത്. 2023ലെ ശ്രീനാരായണ ഗുരു സമാധി ദിനത്തിലും മേയറുടെ പ്രഖ്യാപനം നടപ്പായിട്ടില്ലെന്നും മേയർ വാക്ക് പാലിക്കണമെന്നും വി.എച്ച്.പി.സംസ്ഥാന പ്രസിഡന്റ് വിജി തമ്പി ആവശ്യപ്പെട്ടു.

## ഓണം: ഖാദി ബോർഡിന് 21.88 കോടിയുടെ വിൽപ്പന

**തിരുവനന്തപുരം:** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഓണത്തിന് 21.88 കോടിയുടെ ഖാദി ഗ്രാമ വ്യവസായ ഉത്പന്നങ്ങൾ വിറ്റഴിച്ചതായി ഖാദി ബോർഡ് വൈസ് ചെയർമാൻ പി ജയരാജൻ അറിയിച്ചു. കഴിഞ്ഞവർഷം ഈ സമയം 17.81 കോടി രൂപയായിരുന്നു വിൽപ്പന. 4.7 കോടിയുടെ അധിക വിൽപ്പനയാണ് ഈ വർഷം ലഭിച്ചത്.

കഴിഞ്ഞ ഓണത്തെക്കാൾ റിബേറ്റ് കാലയളവ് ഈ ഓണത്തിന് വളരെ കുറവായിരുന്നിട്ടും അധിക വില്പന കൈവരിക്കാൻ കഴിഞ്ഞത് വലിയൊരു നേട്ടമായി ബോർഡ് കാണുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ആകർഷകമായ സമ്മാനങ്ങൾ പ്രഖ്യാപിച്ചും, പതിവിന് വിപരീതമായി പുതു തലമുറ ഖാദി വസ്ത്രങ്ങൾ വിപണിയിൽ ഇറക്കിയും ഖാദി വസ്ത്രങ്ങളുടെ പ്രചാരണം വർദ്ധിപ്പിച്ചും ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചതിന്റെയും ഫലമാണ് ഈ വർദ്ധനവ്. സമ്മാന പദ്ധതിയിൽ ഒന്നാം സമ്മാനമായി ടാറ്റാ ടിയാഗോ ഇലക്ട്രിക്ക് കാറും രണ്ടാം സമ്മാനമായി ഓല ഇലക്ട്രിക് സ്കൂട്ടറും മൂന്നാം സമ്മാനമായി ജില്ലകൾ തോറും ഓരോ പവനുമാണ് നൽകുന്നത്. തിരുവനന്തപുരം ലോട്ടറി ഓഫീസിൽ വച്ച് ഒക്ടോബർ 20 ന് നറുക്കെടുക്കും.

സർക്കാർ അർധ സർക്കാർ ജീവനക്കാർ ബുധനാഴ്ച തോറും ഖാദിവസ്ത്രം ധരിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ ചുവടുപിടിച്ച് ജീവനക്കാരുടെ സംഘടനകളുമായി ഇടപെടലുകൾ നടത്തുന്നുണ്ട്. 'കുടുംബത്തിനാകെ ഓണക്കോടിയായി ഖാദി വസ്ത്രം എന്ന സന്ദേശമാണ് ഈ ഓണത്തിന് ഖാദി ബോർഡ് മുന്നോട്ടുവെച്ചത്. അത് ജനങ്ങൾ സ്വീകരിച്ചു എന്നതിന്റെ തെളിവാണ് ഈ വിൽപ്പനയിൽ കാണുന്നത്. ഓണക്കാലത്ത് നടത്തിയ നിരവധി ഖാദി മേളകളോടൊപ്പം സർക്കാർ സ്ഥാപനങ്ങളും സ്കൂളുകളും കേന്ദ്രീകരിച്ചു പ്രദർശനവും വിൽപ്പനയും സംഘടിപ്പിച്ചിരുന്നു. 154 ആം ഗാന്ധിജയന്തി വരാഘോഷത്തോടനുബന്ധിച്ച് നിരവധി പരിപാടികൾ ബോർഡ് സംഘടിപ്പിക്കുന്നുണ്ട്. നാളെ (23) മുതൽ ഒക്ടോബർ 3 വരെയാണ് ആഘോഷം. തിരുവനന്തപുരത്ത് ഈ മാസം 25 മുതൽ ഒക്ടോബർ മൂന്നു വരെ അയ്യങ്കാളി ഹാളിൽ ഖാദി മേളസംഘടിപ്പിക്കും.

# കടൽ കടന്ന് മറയൂർ ശർക്കര; മിഡിൽ ഈസ്റ്റിലേക്കും യൂറോപ്പിലേക്കും കയറ്റുമതി ചെയ്യുന്നത് 275 ടൺ ശർക്കര




**തൊടുപുഴ:** കടൽ കടന്ന് മറയൂർ ശർക്കരയുടെ വിപണിവിജയം. ഇപ്പോൾ വർഷംതോറും 275 ടൺ ശർക്കരയാണു യൂറോപ്പിലേക്കും മിഡിൽ ഈസ്റ്റിലേക്കും കയറ്റുമതി ചെയ്യുന്നത്. മറയൂരിലെ സ്വകാര്യ വ്യക്തികളുടെ ആധുനിക ഫാക്ടറിയിൽ നിന്നാണു കയറ്റുമതി. 2018ൽ ഭൗമസൂചിക പദവി ലഭിച്ചതിനു ശേഷമാണു മറയൂർ ശർക്കരയുടെ മധുരം കടൽ കടന്നു തുടങ്ങിയത്.

ശർക്കര ഉൽപാദനം വലിയപുരയിലേക്കു മാറ്റി, തൊഴിലാളികൾക്കു സുരക്ഷാ ഉപകരണങ്ങൾ നൽകി ഉൽപാദനം ഹൈജീനാക്കിയതോടെ വിദേശത്തു നിന്നു കാര്യമായി ഓർഡർ ലഭിച്ചുതുടങ്ങി. ഓലപ്പുരയിൽ കുടിൽവ്യവസായം ആയിരുന്നു ആദ്യകാലത്ത് മറയൂർ ശർക്കര നിർമാണം. കാറ്റടിച്ചാൽ മണ്ണു വീഴുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉണ്ടായിരുന്നു. വലിയ ഷെഡിലേക്കു നിർമാണം മാറ്റി വൃത്തി കൂട്ടുകയാണ് ഈ ഉൽപാദകർ ചെയ്തത്. ഇതു വിഡിയോ വഴി പ്രചരിപ്പിക്കാനായതു വിപണിയെ ആകർഷിക്കാൻ കഴിഞ്ഞു.

മറയൂരിലെ ജിആർ സ്പൈസസ് ഉടമ ജോബിൻ ജോർജ്, മെസ്സ മറയൂർ ജാഗിരി പ്രൊഡ്യൂസേഴ്സ് ഉടമ വി.അക്ബർ അലി എന്നിവരാണു കയറ്റുമതി ചെയ്യുന്നതിൽ പ്രധാനികൾ. ജോബിൻ ജോർജ് ആർക്കിടെക്ട് ജോലിയിൽ നിന്നാണു കരിമ്പുകൃഷിയിലേക്കും ശർക്കരവിപണനത്തിലേക്കും എത്തിയത്.

അക്ബർ മറയൂർ, ദേവികുളം, മൂന്നാർ സർക്കാർ സ്കൂളുകളിലെ ഹയർ സെക്കൻഡറി ഫിസിക്സ് അധ്യാപകനായിരുന്നു. 7 കൊല്ലം മുൻപാണു ജോലി ഉപേക്ഷിച്ചു ശർക്കര വ്യവസായത്തിലേക്ക് എത്തിയത്. അഞ്ചുനാട് കരിമ്പുൽപാദക സംഘത്തിന്റെ സ്ഥാപകൻ കൂടിയാണ് അക്ബർ. ഇടനിലക്കാർ വഴിയാണ് ഇപ്പോൾ ഇവർക്ക് ഓർഡർ ലഭിക്കുന്നത്. കയറ്റുമതി ലൈസൻസ് നേടി നേരിട്ടു തന്നെ വിപണി കണ്ടെത്താനാണ് ഈ സംരംഭകരുടെ ശ്രമം.

മലേഷ്യ, ബ്രൂണയ്, യുഎഇ, യുഎസ്, കാനഡ എന്നിവിടങ്ങളിലേക്കും ചെറിയ തോതിൽ ശർക്കര വിപണനം നടക്കുന്നു. മറയൂരിൽ 120 രൂപയ്ക്കു വിൽക്കുന്ന ശർക്കരയ്ക്ക് ഓരോ രാജ്യത്തേക്കും എത്തുന്ന ചരക്കുനീക്കക്കൂലി ഉൾപ്പെടെയാണു വില നിശ്ചയിക്കുന്നത്. കർഷകർക്കും വ്യാപാരികൾക്കും കയറ്റുമതിയുടെ യഥാർഥ പ്രയോജനം ലഭിക്കണമെങ്കിൽ സർക്കാർ സംവിധാനത്തിലൂടെ പ്രവർത്തനങ്ങൾ നടക്കണമെന്നാണു സംരംഭകർ ആവശ്യപ്പെടുന്നത്.

# ഏനാമാവ്, ഇടിയഞ്ചിറ റഗുലേറ്ററുകളുടെ നവീകരണത്തിന് 13.63 കോടി രൂപയുടെ ഭരണാനുമതി



**പാവറട്ടി:** ജീർണിച്ച് ഉപയോഗശൂന്യമായ ഏനാമാവ്, ഇടിയഞ്ചിറ റഗുലേറ്ററുകളുടെ നവീകരണത്തിനു പുതിയ എസ്റ്റിമേറ്റ് പ്രകാരം 13.63 കോടി രൂപയുടെ നിർമാണത്തിനു ഭരണാനുമതിയായി. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയാണ് ഫണ്ട് വകയിരുത്തിയത്. 2018ൽ 11.78 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ നിർമാണ പ്രവർത്തനങ്ങളൊന്നും നടന്നില്ല.

ഈ തുകയ്ക്ക് നിർമാണം നടത്താൻ കരാറുകാരില്ലാത്തതിനെ തുടർന്നാണ് എസ്റ്റിമേറ്റ് പുതുക്കിയത്. ഇതു പ്രകാരം ഏനാമാവ് റഗുലേറ്ററിന്റെ സിവിൽ ജോലികൾക്ക് 4.06 കോടി രൂപയും മെക്കാനിക്കൽ ജോലികൾക്ക് 4.53 കോടി രൂപയുമാണ് വകയിരുത്തിയത്. ഇടിയഞ്ചിറ റഗുലേറ്ററിന്റെ സിവിൽ ജോലികൾക്ക് 2.42 കോടി രൂപയും മെക്കാനിക്കൽ ജോലികൾക്ക് 2.62 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ജലവിഭവ വകുപ്പിനാണ് നിർമാണ പ്രവർത്തനങ്ങളുടെ ചുമതല. 2 റഗുലേറ്ററുകളും നവീകരണം പൂർത്തിയാകുമ്പോൾ യന്ത്രവൽകൃതമാകും. ഷട്ടറുകൾ അതിവേഗം അടയ്ക്കാനും തുറക്കാനും കഴിയും.

അര നൂറ്റാണ്ടിലധികം പഴക്കമുള്ള റഗുലേറ്ററുകളുടെ ഷട്ടറുകൾ നിലവിൽ ഭൂരിഭാഗവും നശിച്ച നിലയിലാണ്. അടച്ചാലും കായലിൽ നിന്നു വൻ തോതിൽ ഉപ്പുവെള്ളം കോൾമേഖലയിലേക്കു കടക്കുന്നത് വൻ തോതിൽ കൃഷി നാശത്തിനു കാരണമായിട്ടുണ്ട്.

ശുദ്ധജല വിതരണ പദ്ധതികളും അവതാളത്തിലാണ്. റഗുലേറ്ററുകളുടെ നവീകരണം കാലങ്ങളായി കർഷകരുടെയും നാട്ടുകാരുടെയും ആവശ്യമാണ്. നവീകരണം പൂർത്തിയായാൽ എല്ലാ വർഷവും ഉപ്പുവെള്ളം തടയാൻ കോടികൾ ചെലവിട്ട് താൽക്കാലിക വളയം ബണ്ട് നിർമിക്കുന്നതും ഒഴിവാക്കാം.

# കാലിക്കറ്റ് പരീക്ഷാഭവനിൽ വിവിധോദ്ദേശ്യ ഹാൾ അടുത്തമാസം തുറക്കും

**തേഞ്ഞിപ്പലം:** കാലിക്കറ്റ് സർവകലാശാലാ പരീക്ഷാ ഭവനിൽ വിവിധ ജില്ലകളിൽ നിന്ന് എത്തുന്ന വിദ്യാർഥികൾക്കുള്ള സേവനങ്ങൾ ഒരു കുടക്കീഴിലേക്ക്. ഇതിനായി സജ്ജീകരിച്ച വിവിധോദ്ദേശ്യ ഹാൾ അടുത്ത മാസം തുറക്കുമെന്ന് പരീക്ഷാ കൺട്രോളർ ഡോ. ഡി.പി.ഗോഡ്വിൻ സാംരാജ് പറഞ്ഞു. ഫ്രണ്ട് ഓഫിസ് പുതിയ ഹാളിലേക്ക് മാറ്റും.

ബിഎ, ബിഎസ്സി, ബികോം, എംഎ, എംഎസ്സി, എംകോം, തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങി 8 ബ്രാഞ്ചുകൾക്ക് വേണ്ടി 8 കൗണ്ടറുകൾ ഒരുക്കും. ഓരോ കൗണ്ടറിലും 3 അസിസ്റ്റന്റുമാരും ഒരു സെക്ഷൻ ഓഫിസറും ഉണ്ടാകും. 2 കിയോസ്കുകളും ഇലക്ട്രോണിക് ടോക്കൺ സംവിധാനവും ഒരുക്കും. പരീക്ഷാ ഭവനിൽ നിന്നുള്ള സേവനങ്ങൾക്ക് അപേക്ഷിക്കേണ്ട വിധം വിശദീകരിച്ച് വിഡിയോകൾ പ്രദർശിപ്പിക്കും.

ഭിന്നശേഷി സൗഹൃദ ഹാളാണ് ഒരുക്കുന്നത്. ചെലാൻ കൗണ്ടറുകൾ, ഫോമുകൾ പൂരിപ്പിക്കാനുള്ള ഡെസ്ക്, 50 പേർക്കുള്ള ഇരിപ്പിടം, ശുചിമുറികൾ, കുഞ്ഞുങ്ങൾക്ക് പാൽ നൽകാവുന്ന മുറി, വിശ്രമ കേന്ദ്രം എന്നിവയുടെ നിർമാണവും ഹാളുമായി ബന്ധപ്പെടുത്തി അന്തിമ ഘട്ടത്തിലാണ്. പരീക്ഷാ ഭവൻ തപാൽ വിഭാഗവും പുതിയ ഹാളിലേക്ക് മാറ്റും.

# ആഗോള ഷിപ്പിങ് സമ്മേളനം തൽക്കാലമില്ല; വിഴിഞ്ഞത്ത് ആദ്യ കപ്പൽ 4ന് എത്തില്ല

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് ആദ്യത്തെ കപ്പലെത്തുന്നതിനോടനുബന്ധിച്ചു തുറമുഖ വകുപ്പ് തീരുമാനിച്ച ആഗോള ഷിപ്പിങ് സമ്മേളനം തൽക്കാലം ഉപേക്ഷിക്കുന്നു. ഒക്ടോബറിൽ തിരുവനന്തപുരത്തു സമ്മേളനം നടത്താനാണു തീരുമാനിച്ചിരുന്നത്. എന്നാൽ ഒക്ടോബർ 17 മുതൽ മുംബൈയിൽ ഗ്ലോബൽ മാരിടൈം സമ്മിറ്റ് നടക്കുന്നതിനാലും പിന്നാലെ 28നു കൊച്ചി തുറമുഖത്തിന്റെ നേതൃത്വത്തിൽ റോഡ് ഷോ സംഘടിപ്പിക്കുന്നതിനാലുമാണു ധൃതി വച്ചു തിരുവനന്തപുരത്തു വേണ്ടെന്ന തീരുമാനം. പകരം, മുംബൈയിലും കൊച്ചിയിലും സജീവമായി പങ്കാളിത്തം വഹിക്കും.



കഴിഞ്ഞ ഓഗസ്റ്റിൽ മന്ത്രി അഹമ്മദ് ദേവർകോവിലിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് ആദ്യ കപ്പൽ വരുന്നതിനോടനുബന്ധിച്ചു വിഴിഞ്ഞം തുറമുഖത്തിന്റെ വാണിജ്യ സാധ്യതകൾ ലോകത്തിനു പരിചയപ്പെടുത്താൻ ആഗോള ഷിപ്പിങ് സമ്മേളനം നടത്താൻ തീരുമാനിച്ചത്. ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള ഷിപ്പിങ് കമ്പനികളെ എത്തിക്കാനായിരുന്നു പദ്ധതി. വേദി നിശ്ചയിക്കുകയും ഏകോപനത്തിനു വിഴിഞ്ഞം ഇന്റർനാഷനൽ സീപോർട്ട് ലിമിറ്റഡി(വിസിൽ)നെ ചുമതലപ്പെടുത്തുകയും ചെയ്തു. തുറമുഖ വകുപ്പിനു കീഴിലുള്ള കേരള മാരിടൈം ബോർഡ്, അദാനി പോർട്സ് എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിക്കാനായിരുന്നു ആലോചന.

ഒക്ടോബർ 4ന് ആദ്യ കപ്പൽ എത്തുമെന്നു പ്രതീക്ഷിച്ചെങ്കിലും വൈകാൻ ഇടയുണ്ടെന്ന വിവരമാണ് ഇപ്പോൾ ലഭിക്കുന്നത്. കപ്പലിനെ സ്വീകരിക്കാൻ വിപുലമായ പരിപാടി സംഘടിപ്പിക്കുന്നുണ്ട്. ഇതിനു പിന്നാലെയാണു മുംബൈയിലെ ഗ്ലോബൽ മാരിടൈം സമ്മിറ്റ്. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ മാരിടൈം ബോർഡ്, അദാനി പോർട്ട്, മലബാർ പോർട്ട്, ഇൻലാൻഡ് നാവിഗേഷൻ കോർപറേഷൻ, കേരള മുസിരിസ് ലിമിറ്റഡ് എന്നിവയെല്ലാം പങ്കെടുക്കുന്നുണ്ട്. കേരള പവലിയനുമുണ്ടാകും. പ്രധാനമായും വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ സാധ്യതകളാകും കേരളം പ്രദർശിപ്പിക്കുക. 28നു കൊച്ചിയിൽ കൊച്ചി തുറമുഖത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന റോഡ് ഷോയിലും വിഴിഞ്ഞം തുറമുഖത്തിനു സർക്കാർ ഊന്നൽ നൽകും. ഇവിടെയും രാജ്യാന്തര ഷിപ്പിങ് കമ്പനികളുടെ സാന്നിധ്യമുണ്ട്.

തിരുവനന്തപുരത്തു സമ്മേളനം സംഘടിപ്പിച്ചാലും ഈ കമ്പനികളെത്തന്നെയാണു പങ്കെടുപ്പിക്കേണ്ടത്. നവംബറിൽ എല്ലാ ക്രെയിനുകളും എത്തുന്നതോടെയേ വിഴിഞ്ഞം തുറമുഖം ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കാൻ സജ്ജമാവുകയുള്ളൂ. ഇതെല്ലാം കണക്കിലെടുത്താണ് തിരക്കു കൂട്ടി തിരുവനന്തപുരത്തു ഷിപ്പിങ് സമ്മേളനം നടത്തേണ്ടതില്ലെന്നു തീരുമാനിച്ചത്. എൽഡിഎഫിലെ ധാരണപ്രകാരം തുറമുഖ മന്ത്രി അഹമ്മദ് ദേവർകോവിൽ നവംബറിൽ ഒഴിയും. എന്നാൽ താൻ ഒഴിയുന്നതിനു മുൻപു സമ്മേളനം സംഘടിപ്പിക്കണമെന്ന നിർബന്ധമില്ലെന്നു മന്ത്രി തന്നെ ബന്ധപ്പെട്ടവരോടു സൂചിപ്പിച്ചിട്ടുണ്ട്.

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തേക്കു ചൈനയിൽനിന്നു ക്രെയിനുമായെത്തുന്ന കപ്പൽ നിശ്ചയിച്ച ദിവസം വിഴിഞ്ഞത്ത് എത്തില്ലെന്നുറപ്പായി. ഇപ്പോൾ ശ്രീലങ്കയ്ക്കു സമീപമുള്ള കപ്പൽ 28നു ഗുജറാത്തിലെ മുംദ്ര തുറമുഖത്ത് എത്തുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. ഇവിടെ രണ്ടു ക്രെയിനുകൾ ഇറക്കാൻ നാലു ദിവസം സമയമെടുക്കും. മുംദ്രയിൽനിന്നു വിഴിഞ്ഞത്ത് എത്തിച്ചേരാൻ ഒരാഴ്ചയെടുക്കുകയും ചെയ്യും. ഒക്ടോബർ 4നു വിഴിഞ്ഞത്ത് എത്തുമെന്നായിരുന്നു കരുതിയിരുന്നത്. കടലിലെ മോശം കാലാവസ്ഥയാണു തടസ്സം.

# വില്ലേജ് ഓഫീസുകളിൽ കയറാതെ സേവനങ്ങൾ ലഭ്യമാക്കും: മന്ത്രി കെ.രാജൻ

**ആലപ്പുഴ:** വില്ലേജ് ഓഫീസുകളിൽ നിന്നുള്ള എല്ലാ സേവനങ്ങളും വീട്ടിലിരുന്ന് ഓൺലൈനായി ലഭ്യമാക്കുമെന്ന് റവന്യൂ മന്ത്രി കെ.രാജൻ. നാല് വർഷത്തിനുള്ളിൽ സേവനങ്ങൾക്കായി ഓഫീസുകൾ സന്ദർശിക്കേണ്ട ആവശ്യം ഇല്ലാതാക്കാനും സേവനങ്ങൾ വിരൽതുമ്പിൽ ലഭ്യമാക്കാനുമാണ് സർക്കാരും റവന്യൂ വകുപ്പും ശ്രമിക്കുന്നത്. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കാനായി സംസ്ഥാനത്തുടനീളം 1342 ഓഫീസുകളിൽ ഒരോ ജീവനക്കാരനെ അധികമായി നിയമിക്കുമെന്നും അദ്ദേഹം പറഞ്ഞു. കണ്ണമംഗലം, കറ്റാനം, ഭരണിക്കാവ് സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.



നിലവിൽ ഏഴ് സേവനങ്ങൾ വില്ലേജ് ഓഫീസുകളിൽ നിന്നും ഓൺലൈനായി ലഭിക്കുന്നുണ്ട്. ഇതിനു പുറമേ 20 സേവനങ്ങൾ കൂടി ഓൺലൈനിൽ ലഭ്യമാക്കും. ഇതോടെ ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും സേവനങ്ങളും വില്ലേജ് ഓഫീസുകളിൽ നിന്ന് അനായാസം ലഭിക്കും. കേരളത്തിലെ 1646 വില്ലേജ് ഓഫീസുകൾ ഇതിനകം സ്മാർട്ടാക്കി. സംസ്ഥാനത്ത് ഡിജിറ്റൽ റീസർവേ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കഴിഞ്ഞ എട്ട് മാസങ്ങൾ കൊണ്ട് 1.42 ലക്ഷം ഭൂമിയുടെ ഡിജിറ്റൽ സർവേ പൂർത്തിയായി. ഓരോ ഭൂമിയുടെയും അതിരുകൾ റിക്കോർഡ് ചെയ്ത് ഡിജിറ്റൽ വേലി സൃഷ്ടിക്കും. വില്ലേജ് തല ജനകീയ സമിതികൾക്ക് റവന്യൂ വകുപ്പിന്റെ ചട്ടങ്ങളും നിയമങ്ങളും വ്യക്തമായി മനസിലാക്കാനായി പ്രത്യേക റവന്യൂ വിദ്യാഭ്യാസം ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കണ്ണമംഗലം, കറ്റാനം, ഭരണിക്കാവ് സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിച്ചത്. ഭരണിക്കാവ് വില്ലേജ് ഓഫീസ് അങ്കണത്തിൽ നടന്ന ചടങ്ങിൽ യു.പ്രതിഭ എം.എൽ.എ അധ്യക്ഷയായി. ജില്ലാ കളക്ടർ ഹരിത വി.കുമാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ നികേഷ് തമ്പി, കെ.ജി.സന്തോഷ്, ജി.ആതിര, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ എസ്.രജനി, ഇന്ദിരാ ദാസ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ എസ്. ശ്യാമള ദേവി, കെ. പ്രദീപ് കുമാർ, തദ്ദേശസ്ഥാപന അധ്യക്ഷരായ കെ.വി. ശ്രീകുമാർ, കെ.ദീപ, എ.സുധാകര കുറുപ്പ്, എ.ഡി.എം. എസ്.സന്തോഷ് കുമാർ, നിർമിതി കേന്ദ്രം റീജിയണൽ എൻജിനീയർ ജോസ് ജെ.മാത്യു, ആർ.ഡി.ഒ. എസ്.സുമ, തഹസീൽദാർ ഡി.സി. ദിലീപ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

## കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ തസ്തികയിൽ അപേക്ഷിക്കാം

**ഇടുക്കി:**പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവയിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ ഡാറ്റാ എൻട്രി, ഡി ടി പി കോഴ്സുകളുടെ പരിശീലനം നടത്തുന്നതിനായി കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു.

കരാറടിസ്ഥാനത്തിലാണ് നിയമനം. അപേക്ഷകർ അടിസ്ഥാന യോഗ്യതയായി ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാലയിൽ നിന്നുളള ബിരുദവും, പി.ജി.ഡി.സി.എയും ഉളളവരായിരിക്കണം. കൂടാതെ വേർഡ് പ്രോസസിംഗ്, എം.എസ് വേഡ്, സ്പ്രെഡ് ഷീറ്റ് പാക്കേജ്, ഡി റ്റി പി, ഐ.എസ്.എം എന്നിവയിൽ പരിജ്ഞാനമുളളവരും അംഗീകൃത സർട്ടിഫിക്കറ്റുകൾ ഉളളവരുമായിരിക്കണം. കമ്പ്യൂട്ടർ കോഴ്സ് പരിശീലനത്തിൽ മുൻപരിചയമുളളവർക്ക് മുൻഗണന നൽകും. താൽപര്യമുളളവർ ബയോഡാറ്റയും, വിദ്യാഭ്യാസ യോഗ്യത, ജാതി, മുൻപരിചയം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഒക്ടോബർ 11ന് വൈകുന്നേരം 5 മണിക്കകം അപേക്ഷകൾ സമർപ്പിക്കണം. എസ്.സി എസ്.ടി വിഭാഗക്കാർക്ക് മുൻഗണന. വൈകി ലഭിക്കുന്നതോ അപൂർണമായതോ ആയ അപേക്ഷകൾ പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2623304.

## സ്വയംതൊഴിൽ പദ്ധതിക്കായി അപേക്ഷിക്കാം

**കൊല്ലം:**പട്ടികജാതിവികസന വകുപ്പിന്റെ ദുർബലവിഭാഗ പുനരധിവാസ പദ്ധതിയുടെ ഭാഗമായി വേടൻ/ നായാടി/ചക്ലിയ/അരുന്ധതിയാർ/കള്ളാടി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ പദ്ധതിക്കായി അപേക്ഷിക്കാം. വ്യക്തിഗത സംരംഭങ്ങൾക്ക് മൂന്നുലക്ഷം രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് അഞ്ച് ലക്ഷം രൂപയുമാണ് പരമാവധി അനുവദിക്കുന്നത് .ജാതി, വരുമാനം ,പ്രോജക്ട് റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട ബ്ലോക്ക്, കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ ഒക്ടോബർ അഞ്ചിനകം അപേക്ഷ സമർപ്പിക്കണം . ഫോൺ 0474 2794996.

## ജൈവവൈവിധ്യ ബോർഡ് പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാം

**കൊല്ലം:** സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2022ലെ പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാം. മികച്ച ജൈവവൈവിധ്യ പരിപാലന സമിതി (ബി എം സി ) ഹരിത വ്യക്തി, മികച്ച സംരക്ഷകകർഷകൻ , മികച്ച സംരക്ഷകകർഷക, ജൈവവൈവിധ്യ പത്രപ്രവർത്തകൻ (അച്ചടി മാധ്യമം), ജൈവവൈവിധ്യ മാധ്യമപ്രവർത്തകൻ (ദൃശ്യ, ശ്രവ്യമാധ്യമം), മികച്ച കാവ് സംരക്ഷണ പുരസ്കാരം, ജൈവവൈവിധ്യ സ്കൂൾ, കോളേജ്, കലാലയം, ജൈവവൈവിധ്യസംരക്ഷണ സ്ഥാപനം (സർക്കാർ, സഹകരണ, പൊതു മേഖല) ജൈവവൈവിധ്യ സംരക്ഷണസ്ഥാപനം (സ്വകാര്യ മേഖല) എന്നിങ്ങനെ 11 വ്യത്യസ്ത വിഭാഗങ്ങളിലായി പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാം. അവസാന തീയതി ഒക്ടോബർ 10. വിവരങ്ങൾക്കും അപേക്ഷ മാതൃകക്കും www.keralabiodiverstiy.org. ഫോൺ 0471 2724740.

## കത്തോലിക്ക കോൺഗ്രസ്

# നാഷണൽ യൂത്ത് കോൺഫറൻസ് ഒക്ടോബർ 14 15 തീയതികളിൽ




**കൊച്ചി:**കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന നാഷണൽ യൂത്ത് കോൺഫറൻസ് NYC 2K23 ഒക്ടോബർ 14 ,15 തീയതികളിൽ കാക്കനാട് മൗണ്ട് സെൻറ് തോമസിൽ നടക്കുമെന്ന സംഘാടക സമിതി ഭാരവാഹികൾ അറിയിച്ചു. സീറോ മലബാർ സഭയിലെ കേരളത്തിനകത്തും പുറത്തും നിന്നുമുള്ള വിവിധ രൂപതകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട യൂത്ത് കൗൺസിൽ അംഗങ്ങൾകോൺഫറൻസിൽ പങ്കെടുക്കും. സാമ്പത്തിക മാധ്യമ രാഷ്ട്രീയ സാമുദായിക മേഖലകളിൽ ക്രിയാത്മകമായ ഇടപെലുകൾ നടത്തുവാൻ കഴിയുന്ന യുവജനങ്ങളെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പ്രസ്തുത മേഖലകളിൽ നിന്നും പ്രമുഖരായവർ കോൺഫറൻസിൽ സെമിനാറുകൾ നയിക്കും. യൂത്ത് കൗൺസിൽ വിഭാവനം ചെയ്യുന്ന വിഷൻ 2030 കർമ്മപദ്ധതി ഒരോ മേഖലകളിലും പ്രത്യേകമായി നേതൃരംഗത്ത് നിൽക്കുന്നവരെ ഉൾപ്പെടുത്തി പാനൽ ചർച്ചകളിലൂടെയും ഡിബേറ്റുകളിലൂടെയും , ഗ്രൂപ്പ് ഡിസ്കഷനുകളിലൂടെയും നയരൂപീകരണം നടത്തുകയും ചെയ്യും.സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക, കാർഷിക , ഉദ്യോഗസ്ഥ, മാധ്യമ രംഗങ്ങളിൽ കൂടുതൽ യുവ നേതൃത്വങ്ങളെ സൃഷ്ടിക്കുക എന്നതാണ് വിഷൻ 2030 ലക്ഷ്യം വക്കുന്നത്.അതിന്റെ തുടക്കമായാണ് NYC 2K23 സംഘടിപ്പിക്കുന്നത്.നാഷണൽ യൂത്ത് കോൺഫറൻസിന്റെ മുന്നൊരുക്കത്തിന്റെ ഭാഗമായി കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ നേതൃസംഗമം മൗണ്ട് സെന്റ്. തോമസിൽ നടന്നു. നേതൃസംഗമത്തിൽ സീറോ മലബാർ കൂരിയാ ബിഷപ്പ് മാർ . സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ NYC 2K23 യുടെ ലോഗോ പ്രകാശനം ചെയ്തു. യൂത്ത് കൗൺസിൽ ഗ്ലോബൽ ജനറൽ കോഡിനേറ്റർ സിജോ ഇലന്തൂർ, ഗ്ലോബൽ കോഡിനേറ്റർമാരായ ജോയിസ് മേരി ആന്റണി, ഷിജോ ഇടയാടിയിൽ, അനൂപ് പുന്നപ്പുഴ , ജോമോൻ മതിലകത്ത്, ബിജു പടയാടൻ സംസാരിച്ചു.

# ചെറുധാന്യ വാരാചരണം :തത്തപ്പള്ളി ഗവൺമെന്റ് ഹൈസ്ക്കൂളിൽ തുടക്കം



**കൊച്ചി:** അന്താരാഷ്ട്ര ചെറുധാന്യ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് കൃഷിഭവൻ നടപ്പിലാക്കുന്ന കോട്ടുവള്ളി മില്ലറ്റ് വേൾഡ് പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ഒരാഴ്ച്ചക്കാലം നീണ്ടുനിൽക്കുന്ന മില്ലറ്റ് വാരാചരണത്തിന് തത്തപ്പിള്ളി ഗവൺമെന്റ് ഹൈസ്കൂളിൽ തുടക്കമായി.സ്കൂൾ അങ്കണത്തിൽ ചെറുധാന്യ വിത്തുകൾ വിതച്ച് കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. എസ് ഷാജി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും ചെറുധാന്യ വാരാചരണത്തിന്റെ ഭാഗമായി വിവിധങ്ങളായ ക്യാമ്പയിനുകൾ സംഘടിപ്പിക്കുമെന്നും , തത്തപ്പിള്ളി ഗവൺമെന്റ് ഹൈസ്ക്കൂളിൽ നിന്നും ആരംഭിക്കുവാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ടെന്നും ഉദ്ഘാടനം ചെയ്തുകൊണ്ട് കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. എസ് ഷാജി പറഞ്ഞു.കൂടാതെ ഗാന്ധിജി ജയന്തി ദിനത്തിൽ രാജ്യത്താദ്യമായി സംഘടിപ്പിക്കുന്ന കുട്ടികളുടെ മില്ലറ്റ് കൃഷി പാർലമെന്റ് കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ നടക്കും. വിദ്യാർത്ഥികളിൽ ചെറുധാന്യകൃഷിയുടെ പ്രാധാന്യം മനസിലാക്കിക്കൊടുത്തു കൊണ്ട് , ചെറുധാന്യകൃഷിയിൽ മുന്നേറ്റമുണ്ടാക്കുക, ചെറുധാന്യങ്ങളുടെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുക എന്നതാണ് മില്ലറ്റ് കൃഷി പാർലമെന്റിന്റെ പ്രധാന ലക്ഷ്യം. കൃഷി പാർലമെന്റിന്റെ പ്രചരണാർത്ഥം വിദ്യാലയങ്ങളിൽ മില്ലറ്റ് വാരാഘോഷവും , ഭക്ഷ്യ മേളയും , മില്ലറ്റ് പ്രദർശനവും , കാർഷിക കലാപരിപാടികളും , സെമിനാറുകളും ചിത്രോത്സവവും , വിളംബരജാഥയും സംഘടിപ്പിക്കും.കുട്ടികളുടെ കൃഷി പാർലമെന്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും ചെറുധാന്യ പ്രദർശന തോട്ടങ്ങൾ ഒരുക്കും.പദ്ധതിയുടെ ഭാഗമായി കോട്ടുവള്ളിയിലെ ചെറുധാന്യകൃഷി വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനായി കർഷകരും ജനപ്രതിനിധികളും , ഉദ്യോഗസ്ഥ പ്രമുഖരും , ബഹുജനങ്ങളും ഒത്തുചേരുന്ന മില്ലറ്റ് ശിൽപ്പശാല കോട്ടുവള്ളി പഞ്ചായത്തിൽ സെപ്റ്റംബർ 25 ന് സംഘടിപ്പിക്കും.ചടങ്ങിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിജ വിജു, കോട്ടുവള്ളി കൃഷി ഓഫീസർ അതുൽ.ബി.മണപ്പാടൻ , ജില്ലാ കാർഷിക വികസന സമിതി അംഗം പി. എൻ സന്തോഷ് ,പ്രധാന അദ്ധ്യാപിക സിമി ജോസഫ് , പി ടി എ പ്രസിഡന്റ് സി. കെ . അനിൽകുമാർ, എസ്. എം. സി ചെയർമാൻ സിഗ് സി. ജി ജനകൻ , കൃഷി അസിസ്റ്റന്റ് എസ്. കെ ഷിനു , കാർഷിക വികസനസമിതി അംഗങ്ങളായ എൻ. ഇ സോമസുന്ദരൻ , ഐഷ സത്യൻ , വി. ജി ശശിധരൻ , അദ്ധ്യാപകരായ എം. കെ നിഷ, ടി. ജെ വർഗ്ഗീസ് , എസ് സുനിൽകുമാർ, എം. എം ആബിദ ,ജിജി വർഗ്ഗീസ് , പി. ബി ശ്രീരേഖ , കെ. എസ് സന്ധ്യ, തുടങ്ങിയവർ സന്നിഹിതരായി . തത്തപ്പിള്ളി ഗവൺമെന്റ് ഹൈസ്ക്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിയായ എ. എം സൂര്യദേവ് ചെറുധാന്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പ്രബന്ധാവതരണം നടത്തി.

## ശബരിമല മാളികപ്പുറം മേൽശാന്തി സമാജം: വാർഷികോത്സവം നാളെ കാലടിയിൽ

**കൊച്ചി:** ശബരിമല മാളികപ്പുറം മേശാന്തി സമാജം ഒന്നാം വാർഷികോത്സവം 'ചിന്മുദ്രം' നാളെ കാലടി ശ്രീകൃഷ്ണസ്വാമി ക്ഷേത്രം മുതലക്കടവ് ഓഡിറ്റോറിയത്തിൽ നടക്കുമെന്ന് സമാജം പ്രസിഡന്റ് ഏഴിക്കോട് ശശി നമ്പൂതിരി, സെക്രട്ടറി മൈലക്കോടത്ത് റജികുമാർ നമ്പൂതിരി, ട്രഷറർ എടമന എൻ. ദാമോദരൻ പോറ്റി എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.രാവിലെ പത്തിന് ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. തമിഴ്നാട് ദേവസ്വം മന്ത്രി ശേഖർ ബാബു മുഖ്യാതിഥിയായിരിക്കും. ശബരിമല തന്ത്രി കണ്ഠരര് രാജീവര് അനുഗ്രഹപ്രഭാഷണം നടത്തും. പ്രസിഡന്റ് ഏഴിക്കോട് ശശി നമ്പൂതിരി അദ്ധ്യക്ഷത വഹിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. അനന്ദഗോപൻ മുഖ്യപ്രഭാഷണം നടത്തും.ശബരിമല മാളികപ്പുറം മേൽശാന്തിമാരായിരുന്നവരിൽ ജീവിച്ചിരിക്കുന്ന 66 പേരും കുടുംബാംഗങ്ങളും പങ്കെടുക്കും.ശബരിമല തന്ത്രിമാരുടെ അനുവാദത്തോടെ ഒരു വർഷം മുമ്പാണ് മേൽശാന്തി സമാജം രൂപീകൃതമായത്. അവശത അനുഭവിക്കുന്ന മേൽശാന്തിമാർക്ക് 'കൈത്താങ്ങ്' പദ്ധതി ആരംഭിച്ചിട്ട്. തന്ത്രിമാരുടെ മുഖ്യകാർമ്മികത്വത്തിൽ എല്ലാ വർഷവും ലക്ഷാർച്ചനയും ഭഗവതിസേവയിങ്കൽ സഹസ്രനാമജപവും നടത്തും. കൂടാതെ 25 മേൽശാന്തിമാരെ പങ്കെടുപ്പിച്ച് വിജയവാഡയിൽ വിശേഷാൽ പൂജകളും ശബരിമല തന്ത്രി ബ്രഹ്മശ്രീ കഠര് മഹേഷ് മോഹനരുടെ നേതൃത്വത്തിൽ അയ്യപ്പപൂജയും പടിപൂജയും സംഘടിപ്പിച്ചു.എല്ലാ മാസവും മുംബയ് ചെമ്പൂർ ശങ്കരാലയത്തിൽ മേൽശാന്തിമാരുടെ മുഖ്യകാർമ്മികത്വത്തിൽ പ്രത്യേക പൂജ ആരംഭിച്ചിട്ട്. നവംബറിൽ വിശാഖപട്ടണത്ത് തന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11 മേൽശാന്തിമാർ പങ്കെടുക്കുന്ന പൂജകളും സംഘടിപ്പിച്ചിട്ട്. ശബരിമലയുമായി ബന്ധപ്പെട്ട ആചാരങ്ങൾ പ്രചരിപ്പിക്കുന്നതിന് ശ്രമിക്കും.

## ആയുഷ്മാൻ ഭവ: സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ

**കൊച്ചി:** വിവിധ ആരോഗ്യസേവനങ്ങളിലൂടെ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ആയുഷ്മാൻ ഭവ ക്യാംപയിന്റെ ഭാഗമായി ഗവ. മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ സെപ്തംബർ 23 ന് മാലിപ്പുറം സാമൂഹിക രോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. തുടർന്നുള്ള ശനിയാഴ്ചകളിലും ക്യാമ്പുകൾ വിവിധ സി എച്ച് സികളിലായി സംഘടിപ്പിക്കും. ക്യാമ്പുകളിൽ ഗൈനക്കോളജി, ശിശുരോഗം, സർജറി, ഇ.എൻ.റ്റി, നേത്രരോഗം, മനോരോഗം തുടങ്ങിയ സ്പെഷ്യലിറ്റി ഡോക്ടർമാർ പങ്കെടുക്കും. ഇതേ ദിവസങ്ങളിൽ ജനകീയ ആരോഗ്യകേന്ദ്രം, പ്രാഥമികആരോഗ്യകേന്ദ്രം, നഗര ആരോഗ്യ കേന്ദ്രങ്ങൾ എന്നിവടങ്ങളിൽ ജീവിതശൈലി രോഗ നിർണ്ണയ സൗകര്യവും, ചികിത്സയും സംഘടിപ്പിക്കും.ഗ്രാമ നഗര പ്രദേശങ്ങളിലെ ജനതയുടെ മെച്ചപ്പെട്ട ആരോഗ്യ സ്ഥിതി ലക്ഷ്യമാക്കിക്കൊണ്ട് വിവിധ ആരോഗ്യ സംരക്ഷണ പദ്ധതികൾ കേന്ദ്രകേരള സർക്കാരുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.ഓരോ പദ്ധതിയും അത് ലക്ഷ്യമിടുന്ന രീതിയിൽ പ്രയോജനപ്പെടുത്തുന്ന നിലയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന പ്രതിവാര ആരോഗ്യമേളയുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ സി രോഹിണി അഭ്യർത്ഥിച്ചു.

## മെഡിക്കൽ ഓഫീസർ ഒഴിവ്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യണം

**കൊച്ചി:** സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ, ഒലമഹവേ & ണലഹ ഹിലൈ ഇലഭ്യേല എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസർ താല്ക്കാലിക ഒഴിവുകളിലേക്ക് പരിഗണിക്കുവാൻ താൽപര്യമുള്ള, ങആആട ബിരുദവും കൗൺസിൽ രജിസ്ട്രേഷനുമുള്ള ഉദ്യോഗാർത്ഥികൾ സെപ്റ്റംബർ 30നകം ബന്ധപ്പെട്ട പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് എറണാകുളം ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫിസർ (പി & ഇ) അറിയിച്ചു.

## ജോലി ഒഴിവ്

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന അനസ്തേഷ്യ ടെക്നീഷ്യൻ തസ്തികയിലേക്ക് താൽക്കാലിക നിയമനം നടത്തുന്നതിനുള്ള കൂടിക്കാഴ്ച ഒക്ടോബർ അഞ്ച് രാവിലെ 10ന് നടക്കും. സയൻസ് പ്രധാന വിഷയമായിട്ടുള്ള പ്ലസ് ടു, പ്രീഡിഗ്രി, ഡിപ്ലോമ ഇൻ ഓപ്പറേഷൻ തിയേറ്റർ ആൻഡ് അനസ്തേഷ്യ ടെക്നോളജി അല്ലെങ്കിൽ ഡിപ്ലോമ ഇൻ ഓപ്പറേഷൻ തിയേറ്റർ ടെക്നോളജി, കേരള പാര മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് അഭിമുഖത്തിൽ പങ്കെടുക്കാം. താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പകർപ്പ് എന്നിവ ഉൾപ്പെടെ സൂപ്രിന്റെ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം.

## ഇലക്ട്രിക് വാഹന രംഗത്ത് നവീകരണം: വാർഡ്‌വിസാർഡ് ഗ്രൂപ്പിന് പുതിയ നേതൃത്വം

ward wizard
Innovations & Mobility Limited

**കൊച്ചി:** വ്യവസായ രംഗത്തെ പ്രമുഖരായ വാർഡ്‌വിസാർഡ് ഗ്രൂപ്പ്, തങ്ങളുടെ മുൻനിര ഇലക്ട്രിക് വാഹന ബ്രാൻഡായ ജോയ് ഇ-ബൈക്കിന് പുതിയ നേതൃത്വത്തെ നിയമിച്ചതായി പ്രഖ്യാപിച്ചു. ഇലക്ട്രിക് വെഹിക്കിൾ (ഇ.വി) വ്യവസായത്തിൽ ബ്രാൻഡിന്റെ വളർച്ചയ്ക്കും നവീകരണത്തിനും നേതൃത്വം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ നിയമനങ്ങൾ. ർ പതിറ്റിലേറെയായി സാമ്പത്തിക നേതൃരംഗത്തെ പരിചയസമ്പന്നനായ ചാർട്ടേഡ് അക്കൗണ്ട് തേജസ് എ മേത്തയെ വാർഡ്‌വിസാർഡ് ഗ്രൂപ്പിന്റെ ചീഫ് ഫിനാൻഷ്യൽ ഓഫീസർ (സിഎഫ്ഒ) ആയി നിയമിച്ചു. സാമ്പത്തിക തന്ത്രങ്ങൾ പരിഷ്കരിക്കുന്നതിലും, ഇന്റേണൽ കൺട്രോൾ ശക്തിപ്പെടുത്തുന്നതിലും, കോർപ്പറേറ്റ് ആസൂത്രണം രൂപപ്പെടുത്തുന്നതിലും പ്രമുഖനാണ്. സഞ്ജയ് സാബ്ലോക്ക് ആണ് വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിന്റെ ഓപ്പറേഷൻസ് പ്രസിഡന്റ്. മൂന്ന് പതിറ്റ് നീ പ്രവർത്തന മികവുള്ള വ്യക്തിയാണ് ഇദ്ദേഹം.വാർഡ്‌വിസാർഡ് കുടുംബത്തിലേക്ക് ഈ അതുല്യ നേതൃത്വത്തെ സ്വാഗതം ചെയ്യുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്നും, കമ്പനിയുടെ മൂല്യങ്ങളും കാഴ്ചപ്പാടുകളും, അവരുടെ വൈവിധ്യമാർന്ന അനുഭവവും വൈദഗ്ധ്യവും ചേർന്ന് ഒരു മികച്ച ടീമിനെ സൃഷ്ടിക്കാൻ സഹായിക്കുമെന്നും വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു.

## ഓറിയന്റ് ബ്ലാക്‌സ്വാൻ എൻസിഎഫ് ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** വിദ്യാഭ്യാസ പ്രസാധക രംഗത്തെ തുടക്കക്കാരായ ഓറിയന്റ് ബ്ലാക്‌സ്വാൻ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിനെ കുറിച്ചു ബംഗലൂരുവിൽ സംഘടിപ്പിച്ച ശിൽപശാലയിൽ നൂറിലേറെ അധ്യാപകർ പങ്കെടുത്തു. തങ്ങളുടെ 75ാം വാർഷികത്തോട് അനുബന്ധിച്ചാണ് ഓറിയന്റ് ബ്ലാക്‌സ്വാൻ ശിൽപശാല സംഘടിപ്പിച്ചത്. 75ാം വാർഷികത്തിന്റെ വേളയിൽ തന്നെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (എൻസിഎഫ്) അവതരണവും എത്തിയ പശ്ചാത്തലത്തിലാണ് ഇതേക്കുറിച്ചുള്ള ശിൽപശാലാ പരമ്പരകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചത്. പുതിയ വിദ്യാഭ്യാസ നയത്തെ കുറിച്ചും ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിനെ കുറിച്ചും അധ്യാപകർക്ക് കൂടുതൽ ആഴത്തിലുള്ള അറിവു പകരുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതുമായി ബന്ധപ്പെട്ട തത്വങ്ങളെ പ്രായോഗികവൽക്കരിക്കാനും പരിപാടി ലക്ഷ്യമിടുന്നതായി അധികൃതർ വ്യക്തമാക്കി.

## സംരംഭകത്വ ബോധവൽകരണം:ശിൽപശാല സംഘടിപ്പിച്ചു



**കൊച്ചി:** എന്റെ സംരംഭം നാടിന്റെ അഭിമാനം പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെയും നഗരസഭയുടെയും ആഭിമുഖ്യത്തിൽ ഏലൂരിൽ സംരംഭകത്വ ബോധവൽകരണ ശിൽപശാല സംഘടിപ്പിച്ചു. ഏലൂർ മുൻസിപ്പൽ ടൗൺഹാളിൽ നടന്ന പരിപാടി നഗരസഭാ ചെയർമാൻ എ.ഡി സുജിൽ ഉദ്ഘാടനം ചെയ്തു.120 പേർ പങ്കെടുത്ത ശില്പശാലയിൽ റിട്ട.എൽ.ഡി.എം അനിൽ കുമാർ ക്ലാസുകൾ നയിച്ചു. സംരംഭകരുടെ പരാതികൾക്ക് അദ്ദേഹം മറുപടി നൽകുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. രാവിലെ 10ന് തുടങ്ങിയ ശില്പശാല ഉച്ചക്ക് ഒന്നിന് അവസാനിച്ചു.ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.എം ഷെരീഫ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി.എം ഷെനിൻ, കൗൺസിലർ പി.എം അയ്യൂബ് എന്നിവർ പങ്കെടുത്തു

# മോട്ടോ എഡ്ജ് 40 നിയോ വിപണിയിലേക്ക്




**തിരുവനന്തപുരം:** ബഡ്ജറ്റ് വിലയിൽ ഫ് ളാഗ്ഷിപ്പ് ഫീച്ചറുകളുമായി മോട്ടോറോളയുടെ മോട്ടോ എഡ്ജ് 40 നിയോ ഈ മാസം 28ന് വിപണിയിലെത്തും. 144 ഹെഡ്സ് റിഫ്രഷ് റേറ്റുള്ള 10 ബിറ്റ് കർവ്ഡ് ഡിസ്‌പ്ലേ, അണ്ടർ വാട്ടർ പ്രൊട്ടക്ഷൻ, 68 വാട്ട്സ് ടർബോ പവർ ചാർജിംഗും ഉൾപ്പെടെയുള്ള ഫീച്ചുകൾ സംയോജിപ്പിച്ച ഫൈവ് ജി സ്മാർട്ട് ഫോണിന്റെ വില 23,999 രൂപ മുതലാണ്. ഉത്സവകാല വിലക്കിഴിവോടെ 19,999 രൂപക്ക് സ്വന്തമാക്കാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചു.മീഡിയ ടെക്കിന്റെ ഡിമെൻസിറ്റി 7030 എന്ന പ്രൊസസർ ഉപയോഗിക്കുന്ന ലോകത്തിലെ ആദ്യ സ്മാർട്ട് ഫോണാണ് മോട്ടോ എഡ്ജ് 40 നിയോയെന്നും കമ്പനി അവകാശപ്പെട്ടു. സെഗ്മെന്റിലെ ആദ്യ ഐ.പി 68 റേറ്റിംഗ് ഉള്ള ഈ സ്മാർട്ട് ഫോണിന് 30 മിനുട്ട് വരെ ശുദ്ധജലത്തിൽ മുങ്ങിക്കിടക്കാനും പൊടി, അഴുക്ക്, മണൽ തുടങ്ങി ഏതൊരു കാലാവസ്ഥയേയും പ്രതിരോധിക്കാനും കഴിയും. ഈ സവിശേഷതയുള്ള ലോകത്തിലെ ഏറ്റവും ഭാരം കുറഞ്ഞ ഫോണാണിത്. 172 ഗ്രാം ഭാരവും 7.79 മില്ലി മീറ്റർ കനവുമാണ് ഉള്ളത്. മികച്ച ദൃശ്യാനുഭവം നൽകുന്നതാണ് 6.55 ഇഞ്ച് പി.ഒ.എൽ.ഇ.ഡി കർവ്ഡ് ഡിസ്‌പ്ലേ. 50 എം.പി അൾട്രാ പിക്സൽ നൈറ്റ് വിഷനുള്ള പ്രധാന ക്യാമറയും 13 എം.പിയുടെ സെക്കന്ററി ക്യാമറയുമാണുള്ളത്. 32 എം.പിയുടെ സെൽഫി ക്യാമറയിൽ മികച്ച ചിത്രങ്ങൾ എടുക്കാൻ കഴിയും. ഹൊറൈസൺ ലോക്ക്, ഒപ്റ്റിക്കൽ ഇമേജ് സ്റ്റെബിലൈസേഷൻ തുടങ്ങിയ ഫീച്ചറുകളുമുണ്ട്. 5000 മില്ലി ആമ്പയർ ശേഷിയുള്ള ബാറ്ററിയാണ് മറ്റൊരു സവിശേഷത. ആകർഷകമായ നിറങ്ങളിൽ അവതരിപ്പിച്ചിട്ടുള്ള സ്മാർട്ട് ഫോണിന് പ്രീമിയം വീഗൻ ലെതർ, ത്രീഡി പി.എം.എ അക്രിലിക് ഗ്ലാസ് എന്നിങ്ങനെയാണ് ഫിനിഷിംഗ് കൊടുത്തിട്ടുള്ളതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. ഫ്ളിപ്കാർട്ട്, മോട്ടോറോള ഒഫീഷ്യൽ വെബ്സൈറ്റ് എന്നിവയിലൂടെയും പ്രമുഖ റീട്ടെയ്ൽ ഔട്ട്ലറ്റുകളിലൂടെയുമാണ് മോട്ടോ എഡ്ജ് 40 നിയോ വിപണിയിൽ എത്തുന്നത്. എട്ട് ജി.ബി റാം 128 ജി.ബി സ്റ്റോറേജ്, 12 ജി.ബി റാം 256 ജി.ബി സ്റ്റോറേജ് എന്നിങ്ങനെ രണ്ട് വേരിന്റുകളാണ് ഉള്ളത്. യഥാക്രമം 23,999 രൂപ 25,999 രൂപ എന്നിങ്ങനെയാണ് വില വരുന്നത്. ഇതാണ് ഓഫറുകൾ സഹിതം 19,999 രൂപക്കും 22,999 രൂപക്കും ലഭിക്കുന്നത്.

# ആമസോൺ മൾട്ടി ചാനൽ ഫുൾഫിൽമെൻറ് അവതരിപ്പിച്ചു

amazon

**കൊച്ചി:** ആമസോൺ ഡോട്ട് ഇൻ ഇന്ത്യയിൽ മൾട്ടി ചാനൽ ഫുൾഫിൽമെൻറ് (എംസിഎഫ്) അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. ഡി2സി ബ്രാൻഡുകൾ, നിർമാതാക്കൾ, വിവിധ വ്യവസായങ്ങളിൽ നിന്നുള്ള റീട്ടെയിലർമാർ എന്നിവരടക്കമുള്ള വിൽപനക്കാരുടെ ഫുൾഫിൽമെൻറ് പ്രവർത്തനങ്ങളിൽ വിപ്ലവകരമായ മാറ്റം വരുത്താൻ ഇത് സഹായിക്കുമെന്ന് കമ്പനി അവകാശപ്പെടുന്നു. ആമസോണിൻറെ ഇന്ത്യ മുഴുവനായുള്ള സാന്നിധ്യം, അത്യാധുനിക ഫുൾഫിൽമെൻറ് കേന്ദ്രങ്ങൾ, തങ്ങളുടെ വെബ്സൈറ്റുകൾ ഉൾപ്പെടെയുള്ള വിവിധ വിൽപന ചാനലുകളിൽ നിന്നുള്ള ഉപഭോക്തൃ ഓർഡറുകൾ കൈകാര്യം ചെയ്യാനുള്ള ലോജിസ്റ്റിക് ശേഷി തുടങ്ങിയവ പ്രയോജനപ്പെടുത്തി തങ്ങളുടെ ഉപഭോക്താക്കളുടെ അനുഭവങ്ങൾ മെച്ചപ്പെടുത്താനും ഇതു സഹായകമാകും. ഇന്ത്യയിലെ ആമസോണിൻറെ സേവനം ലഭ്യമായ ഇരുപതിനായിരത്തിലേറെ ഇടങ്ങളിലേക്ക് തങ്ങളുടെ വിപണി വിപുലീകരിക്കാനും ഉപഭോക്തൃ ഓർഡറുകൾ നിറവേറ്റുന്നത് ജനാധിപത്യവൽക്കരിക്കാനും ഈ മൾട്ടി ചാനൽ ഫുൾഫിൽമെൻറ് കേന്ദ്രങ്ങളിലൂടെ ആമസോൺ വഴിയൊരുക്കും.ഓഫ് ആമസോൺ ഷോപ്പർമാർക്കായി ഓർഡറുകൾ സൃഷ്ടിക്കുന്നതും അവരെ ട്രാക്കു ചെയ്യുന്നതും നികുതി ഇൻവോയ്സുകൾ തയ്യാറാക്കുന്നതും വിൽപനക്കാരെ സംബന്ധിച്ച് എളുപ്പമാക്കുന്നതും അതിവേഗ ഷോപ്പിങ്ങും അതിവേഗ ഡെലിവറിയും ഉറപ്പാക്കുന്നതുമാണ് മൾട്ടി ചാനൽ ഫുൾഫിൽമെൻറ് കേന്ദ്രം. വിൽപനക്കാരുടെ ഫുൾഫിൽമെൻറ് പ്രക്രിയ ലളിതമാക്കുന്നതും ഉപഭോക്തൃ അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതും വിൽപന വർധനവിനു വഴി തുറക്കുന്നതുമാണ് ഇത്. എംസിഎഫ് വഴി വിൽപനക്കാർക്ക് തങ്ങളുടെ ഓഫ്ആമസോൺ ഓർഡറുകൾ ഓട്ടോമേറ്റു ചെയ്യാനാവും. അതുവഴി ഓർഡറുകൾ സംബന്ധിച്ച സങ്കീർണതകൾ ഇല്ലാതാക്കാനും ഓർഡറുകൾ നിറവേറ്റുന്ന പ്രക്രിയ മുഴുവൻ ലളിതമാക്കാനും സാധിക്കും. സൗകര്യപ്രദവും താങ്ങാനാവുന്നതും മികച്ച ശേഖരണ സൗകര്യമുള്ളതുമായ ആമസോണിൻറെ ഫുൾഫിൽമെൻറ് വഴി ഇൻബൗണ്ട് ട്രാൻസ്പോർട്ടേഷൻ, ലേബലിങ്, ശേഖരണം, ഓർഡർ മാനേജുമെൻറ്, ഉൽപന്നങ്ങൾ ശേഖരിക്കുകയും ഷിപ്പിങ് സേവനങ്ങൾ നൽകുകയും വഴി വിൽപനക്കാർക്ക് പരമാവധി കാര്യക്ഷമതയിലൂടെ നേട്ടമുണ്ടാക്കാനാവുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കുന്നു.

## മുത്തൂറ്റ് ഫിനാൻസ് എൻസിഡി വഴി 700 കോടി രൂപ സമാഹരിക്കും

Muthoot Finance

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസിൻറെ സെക്യേർഡ് റിഡീമബിൾ നോൺകൺവേർട്ടിബിൾ ഡിബഞ്ചറുകളുടെ (എൻസിഡി) 32ാമത് ഇഷ്യൂ ആരംഭിച്ചു. ഒക്ടോബർ 6ന് അവസാനിക്കുന്ന ഇഷ്യൂവിലൂടെ 700 കോടി രൂപ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഐസിആർഎയുടെ എഎപ്ലസ് (സ്റ്റേബിൾ) റേറ്റിങ് ഉള്ളതാണ് ഇഷ്യൂവെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.1,000 രൂപയാണ് എൻസിഡികളുടെ മുഖവില. 100 കോടി രൂപയാണ് ഇഷ്യൂവിൻറെ അടിസ്ഥാന സമാഹരണം. ഇതിനു പുറമെ 600 കോടി രൂപ വരെ ഓവർസബ്സ്ക്രിപ്ഷൻ നിലനിർത്താനുള്ള ഓപ്ഷനുമുണ്ട്. പലിശ പ്രതിമാസ, വാർഷിക തവണകളിൽ ലഭിക്കുന്ന വിധത്തിൽ ഏഴ് നിക്ഷേപ തെരഞ്ഞെടുപ്പുകൾ നടത്താൻ അവസരമുണ്ട്. 8.75 ശതമാനം മുതൽ 9.00 ശതമാനം വരെ പലിശ നിരക്കാണ് വ്യക്തിഗത, കോർപറേറ്റ് നിക്ഷേപകർക്കു ലഭിക്കുക. തങ്ങളുടെ എൻസിഡികളുടെ ഈ 32ാമത് ഇഷ്യൂവിൽ പലിശ നിരക്ക് 0.50 ശതമാനം വർധിപ്പിച്ചിട്ടുണ്ടെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. മറ്റു നിക്ഷേപ സാധ്യതകളുമായി താരതമ്യം ചെയ്യുമ്പോൾ ആകർഷക നിക്ഷേപ തെരഞ്ഞെടുപ്പാണ് തങ്ങളുടെ എൻസിഡി. ചെറുകിട വ്യക്തിഗത നിക്ഷേപകർക്ക് സ്ഥാപനങ്ങൾക്കും കോർപറേറ്റുകൾക്കും ബാധകമായതിനേക്കാൾ ഒരു ശതമാനം കൂടുതൽ പലിശ നിരക്കു ലഭിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക്

# പ്രത്യേക ചികിത്സാസഹായ പദ്ധതിയുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി




**കടുത്തുരുത്തി:** കടുത്തുരുത്തി നിയമസഭ നിയോജക മണ്ഡലത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ രോഗികൾക്കായി പ്രത്യേക ചികിത്സാ പദ്ധതിയുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി. മോൻസ് ജോസഫ് എം. എൽ. എയുമായി സഹകരിച്ച് നടത്തുന്ന ചികിത്സാ പദ്ധതിയുടെ പ്രഖ്യാപനം എം.എൽ.എ നിർവഹിച്ചു.പദ്ധതിയുടെ ഭാഗമായി പീഡിയാട്രിക് കാർഡിയോളജി, നെഫ്രോളജി (വൃക്കരോഗ വിഭാഗം), കരൾ (ലിവർ കെയർ) ഉൾപ്പെടെയുള്ള വിവിധ സ്പെഷ്യലൈസേഷനുകളെ ഉൾക്കൊള്ളിച്ചുള്ള മെഗാ മെഡിക്കൽ ക്യാമ്പ് നടത്തും. ഈ ക്യാമ്പിൽ നിന്നും അർഹരായവരെ തിരഞ്ഞെടുത്താണ് പ്രത്യേക പദ്ധതിയിലൂടെ ചികിത്സാ സഹായം നൽകുന്നതെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസീൻ പറഞ്ഞു. 'ഫ്രണ്ട്സ് ഓഫ് ആസ്റ്റർ' പരിപാടിയിൽ പങ്കെടുത്തവർക്കുള്ള പ്രിവിലേജ് കാർഡിന്റെ വിതരണോദ്ഘാടനം എം. എൽ. എക്ക് നൽകിക്കൊണ്ട് അദ്ദേഹം നിർവഹിച്ചു. ചികിത്സാ പദ്ധതിയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 8111998136, 7025767676 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.അത്യാഹിതവേളകളിൽ മനുഷ്യജീവൻ രക്ഷിക്കുന്നതിന് പൊതുജനങ്ങളെ പ്രാപ്തരാക്കാൻ ലക്ഷ്യമിട്ട് ആസ്റ്റർ മെഡ്സിറ്റിയുടെ നേതൃത്വത്തിൽ നടത്തി വരുന്ന പ്രഥമജീവൻരക്ഷാ പരിശീലന പരിപാടിയായ ബി ഫസ്റ്റിന്റെ പരിശീലന പരിപാടിയും ഇതോടൊപ്പം സംഘടിപിച്ചിരുന്നു. ആസ്റ്റർ മെഡ്സിറ്റിയിലെ എമർജൻസി മെഡിസിൻ വിഭാഗം ലീഡ് കൺസൽട്ടന്റ് ഡോ. ജോൺസൺ കെ വർഗീസിന്റെ നേതൃത്വത്തിലായിരുന്നു പരിശീലന പരിപാടി നടത്തിയത്. കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കൂടുതൽ സ്ഥലങ്ങളിൽ കൂടി പരിശീലന പരിപാടി സംഘടിപ്പിക്കുമെന്ന് ആസ്റ്റർ മെഡ്സിറ്റി അധികൃതർ വ്യക്തമാക്കി.കടുത്തുരുത്തി ഗ്രാന്റ് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.വി സുനിൽ , കിടങ്ങൂർ ജില്ലാ പഞ്ചായത്ത് മെമ്പർ ജോസ്മോൻ മുണ്ടക്കൻ, കോട്ടയം ജില്ലാ പഞ്ചായത്ത് അംഗം ജോസ് പുത്തൻകാല, കുറവിലങ്ങാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മിനി മത്തായി, കിടങ്ങൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തോമസ് മാളിയേക്കൽ, ഉഴവൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തങ്കച്ചൻ തുടങ്ങിയവർ പങ്കെടുത്തു.

# യവനിക ഉയർന്നു ; ഇനി കൊച്ചിയിൽ നാടകക്കാലം

## കെസിബിസി പ്രഫഷണൽ നാടകമേളയ്ക്കു തുടക്കം



**കൊച്ചി:** 34 ാമത് കെസിബിസി അഖില കേരള പ്രഫഷണൽ നാടക മേളയ്ക്കു പാലാരിവട്ടം പിഒസി ഓഡിറ്റോറിയത്തിൽ തുടക്കമായി. കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ നാടക മേള ഉദ്ഘാടനം ചെയ്തു. സഭയുടെ യാത്രയിലെ മാറ്റിവക്കാനാവാത്ത ദൗത്യമാണ് സാഹിത്യ, കലാ, സാംസ്കാരിക മേഖലകളിലെ ഇടപെടലുകൾ. സമൂഹത്തിൽ ധാർമിക മൂല്യങ്ങൾ വിനിമയം ചെയ്യുന്നതിൽ നാടകങ്ങൾക്ക് സാധിക്കും. ജീവിതത്തിന്റെ അടിസ്ഥാന മൂല്യങ്ങളോടുള്ള അഭിമുഖ്യം വളർത്താൻ കലകളെ പ്രയോജനപ്പെടുത്താണമെന്നും അദ്ദേഹം പറഞ്ഞു. കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ അധ്യക്ഷത വഹിച്ചു.ബിഷപ് തോമസ് മാർ യൗസേബിയൂസ്, ടി.ജെ. വിനോദ് എംഎൽഎ, ചലച്ചിത്രതാരങ്ങളായ ബാബു ആന്റണി , കൈലാഷ് , കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, മീഡിയ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ഏബ്രഹാം ഇരിമ്പിനിക്കൽ എന്നിവർ പ്രസംഗിച്ചു. കെസിബിസി മീഡിയാ ഐക്കൺ അവാർഡ് ജേതാവ് ഡോ. വർഗീസ് മൂലന് കർദിനാൾ മാർ ക്ലീമിസ് സമ്മാനിച്ചു. എവിഎ ഗ്രൂപ്പ് എംഡി എ. വി. അനൂപിനെ കർദിനാൾ ആദരിച്ചു.തിരുവനന്തപുരം സ്വദേശാഭിമാനിയുടെ 'ചേച്ചിയമ്മ' നാടകം ആദ്യദിനത്തിൽ അവതരിപ്പിച്ചു.സെപ്റ്റംബർ 30 വരെ ഒമ്പതു മത്സര നാടകങ്ങളും ഒരു പ്രദർശന നാടകവും ഉണ്ടാകും. ദിവസവും വൈകുന്നേരം ആറിനാണ് നാടകം.ഇന്നു വടകര കാഴ്ച കമ്മ്യൂണിക്കേഷൻസിന്റെ 'ശിഷ്ടം' അവതരിപ്പിക്കും. നാളെ പാലാ കമ്മ്യൂണിക്കേഷൻസിന്റെ 'ജീവിതം സാക്ഷി', 24 ന് തിരുവനന്തപുരം അക്ഷര ക്രിയേഷൻസിന്റെ 'ഇടം' 25ന് കൊല്ലം ആത്മമിത്രയുടെ 'കള്ളത്താക്കോൽ', 26 ന് കോഴിക്കോട് സങ്കീർത്തനയുടെ 'ചിറക്', 27 ന് തിരുവനന്തപുരം അസിധാരയുടെ 'കാണുന്നതല്ല കാഴ്ചകൾ', 28 ന് കോട്ടയം ദൃശ്യവേദിയുടെ 'നേരിന്റെ കാവലാൾ', 29 ന് കായംകുളം ദേവ കമ്മ്യൂണിക്കേഷൻസിന്റെ 'ചന്ദ്രികാവസന്തം' എന്നിവ അവതരിപ്പിക്കും. 30ന് വൈകുന്നേരം 5.30 ന് സമ്മാനദാനം, അവാർഡ് വിതരണം, കൊല്ലം അയനത്തിന്റെ 'അവനവൻ തുരുത്ത്' പ്രദർശന നാടകം എന്നിവയുണ്ടാകും. പ്രവേശന പാസുകൾ പിഒസിയിൽ ലഭിക്കും.

# ഹാർട്ട് കെയർ ഫൗണ്ടേഷൻ വൊക്കേഷണൽ എക്സലൻസ് അവാർഡ് ഡോ. ടി.കെ. ജയകുമാറിന്



**കൊച്ചി:** ഹാർട്ട് കെയർ ഫൗണ്ടേഷന്റെ 2023ലെ വൊക്കേഷണൽ എക്സലൻസ് അവാർഡിന് കോട്ടയം മെഡിക്കൽ കോളേജിലെ ചീഫ് കാർഡിയാക് സർജനും മെഡിക്കൽ സൂപ്രണ്ടുമായ ഡോ. ടി.കെ. ജയകുമാർ അർഹനായി. രോഗചികിത്സാരംഗത്ത് നടത്തിയ നിസ്തുല സേവനങ്ങൾക്കുള്ള അംഗീകാരമായാണ് അദ്ദേഹത്തെ അവാർഡിന് തെരഞ്ഞെടുത്തത്.സെപ്തംബർ 24ന് രാവിലെ 11 മണിക്ക് ഐഎംഎ ഹൗസ് ഓഡിറ്റോറിയത്തിൽ ലോക ഹൃദയദിനാചരണത്തിന്റെ ഭാഗമായി നടക്കുന്ന ഹൃദയസംഗമം2023ന്റെ ഉദ്ഘാടനച്ചടങ്ങിൽ സംസ്ഥാന ആരോഗ്യ, കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, ഡോ. ജയകുമാറിന് പുരസ്കാരം സമ്മാനിക്കും. ഹാർട്ട് കെയർ ഫൗണ്ടേഷന്റെ സ്ഥാപക ട്രസ്റ്റി പരേതനായ സി.വി. ഷൺമുഖത്തിന്റെ സ്മരണാർഥം ഏർപ്പെടുത്തിയ പുരസ്കാരം സ്വർണ്ണപ്പതക്കവും പ്രശംസാപത്രവും അടങ്ങുന്നതാണ്.

# സൗജന്യ തിമിര ശസ്ത്രക്രിയ ക്യാമ്പ് നടത്തി എച്ച് ആൻഡ് ആർ ബ്ലോക്ക്



**തിരുവനന്തപുരം:** ടെക്നോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പ്രമുഖ കമ്പനി എച്ച് ആൻഡ് ആർ ബ്ലോക്ക് അഹല്യയ ഐ കെയറുമായി സഹകരിച് ഈ വർഷത്തെ രണ്ടാമത്തെ സൗജന്യ തിമിര ശസ്ത്രക്രിയ ക്യാമ്പ് സംഘടിപ്പിച്ചു. തൃപ്പരപ്പ് ഗവണ്മെന്റ് ഹയർസെക്കൻഡറി സ്കൂളിൽ നടന്ന നേത്ര ക്യാമ്പിന് മികച്ച പ്രതികരണമാണ് ലഭിച്ചത്. ക്യാമ്പിൽ പങ്കെടുത്ത 230 പേർക്ക് നേത്രപരിശോധന നടത്തി. 22 പേർക്ക് തിമിര ശസ്ത്രക്രിയയ്ക്കായി തെരഞ്ഞെടുത്ത് ഉടനടി ശസ്ത്രകിയ നടത്താനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. കൂടാതെ ക്യാംപിൽ പങ്കെടുത്ത അർഹരായ 142 പേർക്ക് കണ്ണടകൾ നൽകുകയും ചെയ്തു.സാമ്പത്തിക സാഹചര്യങ്ങൾക്കിടയിലും ഗുണനിലവാരമുള്ള നേത്ര പരിചരണത്തിന് എല്ലാവരും അർഹരാണെന്നും അതിനായാണ് ഇത്തരം ശ്രമങ്ങൾ എച്ച് ആൻഡ് ആർ ബ്ലോക്കിന്റെ ഭാഗത്ത് നിന്ന് നടക്കുന്നതെന്നും എച്ച് ആൻഡ് ആർ ബ്ലോക്ക് അസോസിയേറ്റ് മാനേജർ അജീഷ് അർജുനൻ പറഞ്ഞു. ഈ സംരംഭത്തിലൂടെ, ആവശ്യമുള്ള ആളുകൾക്ക് എല്ലാ വർഷവും 50 സൗജന്യ തിമിര ശസ്ത്രക്രിയകൾ നടത്താൻ ശ്രമിക്കുമെന്നും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പശ്ചാത്തലത്തിലുള്ള വ്യക്തികൾക്ക് സൗജന്യ തിമിര ശസ്ത്രക്രിയ നടത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# തൂവൽ സ്പർശം ലോഗോ മത്സരം

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിലെ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ നടത്തുന്ന സ്തനാർബുദ നിർണ്ണയ കാൻസർ ക്യാമ്പിന്റെ ഭാഗമായി തൂവൽ സ്പർശം എന്ന പേരിൽ ലോഗോ മത്സരം സംഘടിപ്പിക്കുന്നു. കാൻസർ സെന്റർ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ടാണ് സ്തനാർബുദ നിർണ്ണയ ക്യാൻസർ ക്യാമ്പ് നടത്തുന്നത്. കൊച്ചി കോർപ്പറേഷൻ പരിധിയിലുള്ള 74 ഡിവിഷനുകളിലും ക്യാമ്പ് സംഘടിപ്പിക്കും. തൂവൽ സ്പർശം ലോഗോ മത്സരത്തിലേക്കുള്ള എൻട്രികൾ സെപ്റ്റംബർ 30 വൈകിട്ട് നാലിന് മുമ്പായി എറണാകുളം ജനറൽ ആശുപത്രി ഓഫീസിൽ എത്തിക്കേണ്ടതാണ്. മത്സരത്തിന് പ്രായ ലിംഗ പരിധിയില്ല. അനുയോജ്യമായ ചായങ്ങൾ ഉപയോഗിക്കാം, സ്വയം സ്തനപരിശോധനയെ ആധാരമാക്കി ആയിരിക്കണം ലോഗോ രൂപകല്പന.മികച്ച ലോഗോയ്ക്ക് സമ്മാനമായി 5000 രൂപ ലഭിക്കും. കൂടുതൽ മ വിവര ങ്ങൾ എറണാകുളം ജനറൽ ആശുപത്രി ഓഫീസിൽ നിന്ന് ലഭിക്കും. തിരഞ്ഞെടുത്ത ലോഗോ, ഒക്ടോബർ രണ്ടിന് കാൻസർ ബ്ലോക്കിന്റെ ഉദ്ഘാടനവേളയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യും.

# പ്രവർത്തന ലാഭം നേടി കൊച്ചി മെട്രോ

**കൊച്ചി:**സംസ്ഥാനത്തിന്റെ പൊതുഗതാഗത രംഗത്ത് വിപ്ളവകരമായ മാറ്റം കൊണ്ടുവന്ന കൊച്ചി മെട്രോ പ്രവർത്തന ലാഭം നേടിയതായി കെ.എം.ആർ.എൽ. 2017 ജൂണിൽ സർവ്വീസ് ആരംഭിച്ച കൊച്ചി മെട്രോ തുടർച്ചയായ പരിശ്രമത്തിലൂടെ ഓപ്പറേഷൽ ലോസ് ഇല്ലാതാക്കാനും ആദ്യമായി 5.35 കോടി രൂപ ഓപ്പറേഷൽ പ്രോഫിറ്റ് നേടാനും 202223 സാമ്പത്തിക വർഷത്തിൽ സാധ്യമായി. പ്രവർത്തനമാരംഭിച്ച് ചുരുങ്ങിയ  കാലത്തിനുള്ളിൽ ഓപ്പറേഷണൽ ലാഭത്തിലെത്താൻ സാധിച്ചുവെന്നത് അഭിമാനാർഹമായ നേട്ടമാണെന്നും കെ.എം.ആർ.എൽ വ്യക്തമാക്കി. കൊച്ചി മെട്രോ ആരംഭിച്ച 2017 ജൂണിൽ 59894 ആളുകളാണ് മെട്രോയിൽ യാത്ര ചെയ്തത്. 2017 ആഗസ്റ്റ് മാസം അത് 32603 ആയി കുറഞ്ഞെങ്കിലും ഡിസംബറിൽ എണ്ണം 52254 ആയി ഉയർന്നു. 2018ൽ യാത്രക്കാരുടെ എണ്ണം നാൽപ്പതിനായിരത്തിന് മുകളിൽ പോയില്ല. എന്നാൽ 2019 ഒക്ടോബറിനും ഡിസംബറിനുമിടയിൽ അറുപതിനായിരത്തിലധികം പേർ കൊച്ചി മെട്രോയിൽ യാത്ര ചെയ്തു. മറ്റെല്ലാ മേഖലയും പോലെ കൊച്ചി മെട്രോയെയും കൊവിഡ് പ്രതിസന്ധിയിലാക്കി. കൊവിഡ് കാലത്ത് 2021 മെയ് മാസം യാത്രക്കാരുടെ എണ്ണം 5300 ആയി കുറഞ്ഞിരുന്നു. കൊവിഡിന് ശേഷം 2021 ജൂലൈയിൽ യാത്രക്കാരുടെ എണ്ണം 12000 ആയി ഉയർന്നു. പിന്നീട് കെഎംആർഎല്ലിലെ വിവിധ വിഭാഗങ്ങളുടെ തുടർച്ചയായ പരിശ്രമം കൊണ്ടും വിവിധ പ്രചരണ പരിപാടികളിലൂടെയും ഓഫറുകളിലൂടെയും യാത്രക്കാരെ കൊച്ചി മെട്രോയിലേക്കെത്തിക്കാൻ സാധിച്ചു. 2022 സെപ്തംബറിനും നവംബറിനുമിടക്ക് യാത്രക്കാരുടെ ശരാശരി യാത്രക്കാരുടെ എണ്ണം 75000 കടന്നു. 2023 ജനുവരിയിൽ ശരാശരി യാത്രക്കാരുടെ എണ്ണം 80000 കടക്കുകയും പിന്നീട് സ്ഥിരതയോടെ ഉയർന്ന് ഒരു ലക്ഷത്തിലധികം യാത്രക്കാരിലേക്കെത്തി. യാത്രക്കാരുടെ എണ്ണത്തിലെ വർദ്ധന ഫെയർ ബോക്സ് വരുമാനം ഉയരുന്നതിനും സഹായകരമായി. 202021 കാലത്ത് 12.90 കോടി രൂപയായിരുന്ന ഫെയർ ബോക്സ് വരുമാനം 202223 സാമ്പത്തിക വർഷത്തിൽ 75.49 കോടി രൂപയിലേക്കുയർന്നു. 202021 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 485 ശതമാനം വർദ്ധനവാണിത്. നോൺ ഫെയർ ബോക്സ് വരുമാനത്തിനും മികച്ച വളർച്ചയാണുണ്ടായത്. നോൺ ഫെയർ ബോക്സ് വരുമാനം 202021 സാമ്പത്തിക വർഷം 41.42 കോടി രൂപയിൽ നിന്ന് 202223 വർഷത്തിൽ 58.55 കോടി രൂപയായി ഉയർന്നു. അതായത് ഫെയർ ബോക്സ്, നോൺ ഫെയർ ബോക്സ് വരുമാനങ്ങൾ കൂട്ടുമ്പോൾ 202021 വർഷത്തിലെ ഓപ്പറേഷണൽ റവന്യു 54.32 കോടി രൂപയിൽ നിന്ന് 202223 സാമ്പത്തിക വർഷത്തിൽ 134.04 കോടി രൂപയായി ഉയർന്നു. 145 ശതമാനം വളർച്ചയാണിത്. 2022-23 വർഷത്തിൽ കൊച്ചി മെട്രോയുടെ രണ്ട് സ്റ്റേഷനുകൾ കൂടി പ്രവർത്തനം ആരംഭിച്ചെങ്കിലും 202021 വർഷത്തേക്കാൾ ഏകദേശം 15 ശതമാനം വർദ്ധനവ് മാത്രമാണ് പ്രവർത്തന ചെലവിൽ വന്നിരിക്കുന്നത്. വിവിധ ചെലവ് ചുരുക്കൽ നടപടികളിലൂടെയാണ് ഇത് സാധ്യമായത്. 2020-21 സാമ്പത്തിക വർഷത്തിൽ 56.56 കോടി രൂപയിൽ നിന്ന് 20212022 ൽ ഓപ്പറേഷൽ ലോസ് 34.94 കോടി രൂപയിലേക്ക് കുറയ്ക്കാൻ കെഎംആർഎല്ലിന് സാധിച്ചിരുന്നു. തുടർച്ചയായ പരിശ്രമത്തിലൂടെ ഓപ്പറേഷൽ ലോസ് ഇല്ലാതാക്കാനും ആദ്യമായി 5.35 കോടി രൂപ ഓപ്പറേഷൽ പ്രോഫിറ്റ് നേടാനും 202223 സാമ്പത്തിക വർഷത്തിൽ കൊച്ചി മെട്രോയ്ക്ക് സാധ്യമായി. പ്രവർത്തനമാരംഭിച്ച് ചുരുങ്ങിയ  കാലത്തിനുള്ളിൽ ഓപ്പറേഷണൽ ലാഭത്തിലെത്താൻ സാധിച്ചുവെന്നത് അഭിമാനാർഹമായ നേട്ടമാണ്.വിദ്യാർത്ഥികൾക്കും സ്ഥിരം യാത്രികർക്കുമായുള്ള വിവിധ സ്കീമുകൾ ഏർപ്പെടുത്തിയതും സെൽഫ് ടിക്കറ്റിംഗ് മഷീനുകൾ സ്ഥാപിച്ചതും യാത്രക്കാരെ ആകർഷിക്കാൻ സോഷ്യൽ മീഡിയയിലൂടെ നടത്തിയ ക്യാംപെയിനുകളും വിജയം കണ്ടു.  യാത്രക്കാർക്ക് മികച്ച സേവനം ഉറപ്പാക്കുന്നത് വഴിയും കൂടുതൽ യാത്രക്കാരെ മെട്രോയിലേക്കെത്തിക്കാൻ സാധിച്ചു.  പ്രവർത്തനമാരംഭിച്ച് കുറഞ്ഞ കാലയളവിൽ ഒപ്പേറഷണൽ  പ്രോഫിറ്റ് എന്ന ഈ നേട്ടം കെഎംആർഎല്ലിന്റെ തുടർച്ചയായ പരിശ്രമങ്ങളുടെ ഫലമാണെന്ന് മാനേജിങ് ഡയറക്ടർ  ലോക്നാഥ് ബെഹ്റ പറഞ്ഞു . സംസ്ഥാന സർക്കാരാണ് ലോണുകളും മറ്റ് നികുതികളും അടയ്ക്കുന്നത്. ഫെയർ ബോക്സ്, നോൺ ഫെയർ ബോക്സ് റവന്യു വർദ്ധിപ്പിക്കുക വഴി കൂടുതൽ ലാഭം നേടി ലോണുകളുടെ തിരിച്ചടവിന് സർക്കാരിനെ സഹായിക്കുവാനാണ് കെഎംആർഎൽ ലക്ഷ്യമിടുന്നത്.  ഡിസംബർജനുവരി മാസത്തിൽ തൃപ്പൂണിത്തുറ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുകയും കൊച്ചി മെട്രോ രണ്ടാം ഘട്ടം കൂടി പ്രാവർത്തികമാകുമ്പോൾ ഫെയർ ബോക്സ്, നോൺ ഫെയർ ബോക്സ് റവന്യുവിൽ കാര്യമായ പുരോഗതിയുണ്ടാകുമെന്നത് ഉറപ്പാണെന്നും അദ്ദേഹം വ്യക്തമാക്കി.



## മിൽക്ക് ഷെഡ് വികസന പദ്ധതി : അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** ക്ഷീര വികസന വകുപ്പ് വാർഷിക പദ്ധതി 202324 പ്രകാരം മിൽക്ക് ഷെഡ് വികസന പദ്ധതി (MSDP) നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽ നിന്ന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു.ഒക്ടോബർ 16 വരെ ക്ഷീര വികസന വകുപ്പിന്റെ www.ksheersaree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാം. വ്യക്തിഗത വിവരങ്ങളിലും ഗ്രൂപ്പുകൾക്കും അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടണമെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

## കേരളീയം 2023: വെബ്സൈറ്റ്

**തിരുവനന്തപുരം:** നവംബർ ഒന്ന് മുതൽ ഏഴു വരെ തലസ്ഥാന നഗരിയിൽ  സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന  'കേരളീയം 2023' പരിപാടിയുടെ വെബ് സൈറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.
https://web.cdit.live/keraleeyam/ എന്ന വെബ് സൈറ്റിൽ കേരളീയം 2023 ന്റെ പൂർണ വിവരങ്ങൾ അറിയാം. സെമിനാറുകൾ, പ്രദർശനങ്ങൾ, സാംസ്കാരിക പരിപാടികൾ, ചലച്ചിത്ര , പുസ്തക , പുഷ്പ, ഭക്ഷ്യ മേളകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ എല്ലാം വെബ് സൈറ്റിൽ അറിയാം. മേളയോടനുബന്ധിച്ചു  പൊതു ജനങ്ങൾക്കായുള്ള വിവിധ മത്സരങ്ങളും കേരളീയം 2023 വെബ് സൈറ്റ് വഴി സംഘടിപ്പിക്കുന്നുണ്ട്.

## ഓൾ സ്റ്റാർ സെയിൽ പ്രഖ്യാപിച്ച് അജിയോ

**കൊച്ചി/മുംബൈ:**ഇന്ത്യയിലെ പ്രമുഖ ഫാഷൻ ഇടെയ്ലർ അഖകഛ ഓൾ സ്റ്റാർസ് സെയിൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ചു. ലീ ആൻഡ് റാംഗ്ലറും മാർക്സ് ആന്റ് സ്പെൻസറുമായി സഹകരിച്ച് സെപ്റ്റംബർ 22 മുതലാണ് പുതിയ സെയിൽ. ഉപഭോക്താക്കൾക്ക്  2023 സെപ്റ്റംബർ 17 മുതൽ പരിമിതമായ കാലയളവിലേക്ക് 6 മണിക്കൂർ നേരത്തേക്ക് പ്രവേശനം ലഭിച്ചിരുന്ന. അഖകഛ ഓൾ സ്റ്റാർ സെയിൽ (AASS) സമയത്ത്, ഉപഭോക്താക്കൾക്ക് 1.5 ദശലക്ഷത്തിലധികം ക്യൂറേറ്റഡ് ഫാഷൻ ശൈലികൾ വാഗ്ദാനം ചെയ്യുന്ന 5500+ ബ്രാൻഡുകളിൽ ഷോപ്പിംഗ് നടത്താം. 500 പുതിയ ബ്രാൻഡുകളും 1.5 ദശലക്ഷത്തിലധികം ഡിസൈനുകളും ഇതിൽ ഉൾക്കൊള്ളുമെന്ന് അജിയോ സിഇഒ വിനീത് നായർ പറഞ്ഞു. ഓൾ സ്റ്റാർസ് സെയിൽ ഫാഷന്റെ ഏറ്റവും വലിയ ബ്രാൻഡുകൾ ഉപഭോക്താക്കൾക്ക് മുന്നിൽ എത്തിച്ച്, അവർക്ക് ആകർഷകമായ ഷോപ്പിംഗ് അനുഭവം നൽകും. വർദ്ധിച്ചുവരുന്ന ഇന്റർനെറ്റ് ഉപയോഗവും 5ഏ വേഗതയും കൊണ്ട്, കൂടുതൽ കൂടുതൽ ഇന്ത്യക്കാർ ഓൺലൈൻ ഷോപ്പിംഗ് സ്വീകരിക്കുന്നു, കൂടാതെ 10 ലക്ഷത്തിലധികം പുതിയ ഉപഭോക്താക്കളെയും തങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും വിനീത് നായർ പറഞ്ഞു, .Ri-wah എന്ന പുതിയ എത്നിക് ബ്രാൻഡിന്റെ ലോഞ്ച് ഈ വിൽപ്പനയിൽ അവതരിപ്പിക്കും.  കാലാതീതമായ സൗന്ദര്യവും സാംസ്കാരിക വൈദഗ്ധ്യവും ഉൾക്കൊള്ളുന്ന 2000+ ഡിസൈനുകൾ അവതരിപ്പിക്കും. ഉപഭോക്താക്കൾക്ക് ഐസിഐസിഐ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ ഉപയോഗിക്കുമ്പോൾ 10% വരെ അധിക കിഴിവും മികച്ച ബ്രാൻഡുകളിലും വിഭാഗങ്ങളിലും 5090% വരെ കിഴിവും ലഭിക്കുമെന്നും വിനീത് നായർ പറഞ്ഞു.




